2026
OCTOBER
14
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഇന്ത്യയുടെ സാമ്പത്തിക രംഗത്ത് വൻ കുതിപ്പ്

**ന്യൂദൽഹി:** ഇന്ത്യയുടെ സാമ്പത്തിക മേഖലയിൽ സ്ഥിരതയാർന്ന വളർച്ച രേഖപ്പെടുത്തിക്കൊണ്ട് പുതിയ ഔദ്യോഗിക കണക്കുകൾ പുറത്തുവന്നു. കേന്ദ്ര സ്ഥിതിവിവരക്കണക്ക് വകുപ്പ് പുറത്തുവിട്ട പുതിയ റിപ്പോർട്ട് പ്രകാരം രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദന വളർച്ച (ജിഡിപി) നിരക്ക് 7.8 ശതമാനമായി മികച്ച നിലയിൽ തുടരുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെയും ആദ്യ പാദത്തിലെയും കണക്കുകൾ രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ ശക്തമാണെന്ന് വ്യക്തമാക്കുന്നുണ്ട്. വ്യവസായോൽപ്പാദന രംഗത്തെ വളർച്ചയും സേവന മേഖലയുടെ മുന്നേറ്റവുമാണ് ഈ നേട്ടത്തിന് പ്രധാന കാരണം.

രാജ്യത്തെ വ്യാവസായിക ഉൽപ്പാദന സൂചിക കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ 8.0 ശതമാനത്തിന്റെ ശക്തമായ വളർച്ചയാണ് കൈവരിച്ചത്. ഇതിൽ നിർമ്മാണ മേഖല 9.0 ശതമാനവും വൈദ്യുതി, വാതക വിതരണ മേഖല 12.3 ശതമാനവും വളർച്ച നേടി മികച്ച പ്രകടനം കാഴ്ചവെച്ചു.

അതേസമയം, ആഗസ്റ്റ് മാസത്തിലെ ആകെ നാണ്യപ്പെരുപ്പം 4.82 ശതമാനമായി നിയന്ത്രിച്ചു നിർത്താൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ 5.23 ശതമാനവും നഗരങ്ങളിൽ 4.31 ശതമാനവുമാണ് നാണ്യപ്പെരുപ്പം. രാജ്യത്തെ ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം 5.95 ശതമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തെ തൊഴിൽ വിപണിയിലും അനുകൂലമായ മാറ്റങ്ങളാണ് ദൃശ്യമാകുന്നത്. ആഗസ്റ്റ് മാസം വരെയുള്ള കണക്കുകൾ പ്രകാരം തൊഴിൽ സേനാ പങ്കാളിത്ത നിരക്ക് 55.6 ശതമാനവും സ്ത്രീകളുടെ പങ്കാളിത്ത നിരക്ക് 34.8 ശതമാനവുമായി ഉയർന്നു. തൊഴിലാളി ജനസംഖ്യാ നിരക്ക് 52.8 ശതമാനമാണ്. സേവന മേഖലയിൽ അഡ്മിനിസ്ട്രേറ്റീവ് സേവനങ്ങൾ 20.9 ശതമാനവും ചില്ലറ വ്യാപാര മേഖല 18.5 ശതമാനവും റിയൽ എസ്റ്റേറ്റ് മേഖല 14.4 ശതമാനവും വളർച്ച നേടി.

രാജ്യത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക പുരോഗതി സാധാരണക്കാരുടെ ജീവിതനിലവാരം ഉയർത്താൻ സഹായകരമാകുന്നതാണെന്ന് സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നു.

## ഫെഡറൽ ബാങ്ക് എക്സിക്യുട്ടീവ് ഡയറക്ടറായി വിരാട് സുനിൽ ദിവാൻജി ചുമതലയേറ്റു



**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി വിരാട് സുനിൽ ദിവാൻജി ചുമതലയേറ്റു. റിസർവ് ബാങ്കിന്റെ അംഗീകാരത്തിനനുസൃതമായി, ഒക്ടോബർ 12 മുതൽ മൂന്ന് വർഷത്തേക്കാണ് നിയമനം. 2025 ഏപ്രിൽ 10ന് ഫെഡറൽ ബാങ്കിൽ ചേർന്ന അദ്ദേഹം, കൺസ്യൂമർ ബാങ്കിങ്, ബിസിനസ്, ബ്രാഞ്ച് ബാങ്കിങ്, റീട്ടെയ്ൽ ലയബിലിറ്റീസ്, റീട്ടെയ്ൽ അസറ്റ്, വെൽത്ത് മാനേജ്മെന്റ്, ബിസിനസ് ബാങ്കിങ്, ഡിജിറ്റൽ സെന്റർ ഓഫ് എക്സലൻസ്, കസ്റ്റമർ എക്സ്പീരിയൻസ്, സർവീസ് ക്വാളിറ്റി, റിക്കവറി, കളക്ഷൻ എന്നിങ്ങനെ ബാങ്കിന്റെ കൺസ്യൂമർ ബാങ്കിങ് വിഭാഗം നാഷണൽ ഹെഡായി പ്രവർത്തിച്ചുവരികയായിരുന്നു.

കൊട്ടക് മഹീന്ദ്ര ഗ്രൂപ്പിൽ കൺസ്യൂമർ ബാങ്ക് ഗ്രൂപ്പ് പ്രസിഡന്റായും മേധാവിയായി മൂന്ന് പതിറ്റാണ്ടോളം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഏജീസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് കമ്പനിയുടെ നോൺ എക്സിക്യൂട്ടീവ് ഡയറക്ടറും കൂടിയാണ് അദ്ദേഹം.

നേതൃനിരയെ ശക്തിപ്പെടുത്തുന്നതിനും ബാങ്കിന്റെ ഭാവിയെ സജ്ജമാക്കുന്നതിനുമാണ് വിരാട് സുനിൽ ദിവാൻജിയെ ഡയറക്ടർ ബോർഡിലേക്ക് ഉയർത്തുന്നതെന്ന് ഫെഡറൽ ബാങ്ക് അറിയിച്ചു. റീട്ടെയ്ൽ വിഭാഗം, കൺസ്യൂമർ ബാങ്കിങ് എന്നീ മേഖലയിലുള്ള വിരാട് സുനിൽ ദിവാൻജിയുടെ അനുഭവപരിജ്ഞാനം ഫെഡറൽ ബാങ്കിന്റെ ദീർഘകാല ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് സഹായകരമാകുമെന്നും ബാങ്ക് പുറത്തിറക്കിയ പത്രക്കുറിപ്പിൽ അറിയിച്ചു.

## ആർ.ബി.ഐ.യുടെ ഇടപെടൽ ഫലം കണ്ടു: രൂപയുടെ മൂല്യത്തിൽ കുതിപ്പ്

**മൂംബൈ:** ആർ.ബി.ഐ.യുടെ ഇടപെടൽ ഹ്രസ്വകാലയളവിൽ രൂപയ്ക്ക് മികച്ച പിന്തുണ നൽകും. ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും രൂപയുടെ മൂല്യം 95 എന്ന നിലവാരത്തിലേക്ക് മെച്ചപ്പെടാൻ ഇതിടയാക്കും. വിദേശ കറൻസി ഒഴുക്കും അന്താരാഷ്ട്ര വിപണിയിലെ ക്രൂഡ് ഓയിൽ വിലയുമായിരിക്കും വരും ആഴ്ചകളിൽ രൂപയുടെ ഗതി പ്രധാനമായും നിർണയിക്കുക.

എണ്ണ ഇറക്കുമതി കമ്പനികൾക്ക് ഡോളർ ആവശ്യങ്ങൾക്കായി സ്പോട്ട് വിപണിയെ ആശ്രയിക്കാതെ ആർ.ബി.ഐ.യിൽനിന്ന് നേരിട്ട് ഡോളർ വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തിയതും വിപണിയിലെ അധിക പണലഭ്യത കുറയ്ക്കുന്നതിനായി 25,000 കോടി രൂപയുടെ സർക്കാർ കടപ്പത്രങ്ങൾ പുറത്തിറക്കിയതുമാണ് രൂപയ്ക്ക് കരുത്തായത്.

ബാങ്കുകൾ പ്രതിദിനം സൂക്ഷിക്കേണ്ട ക്യാഷ് റിസർവ് റേഷ്യോ 90 ശതമാനത്തിൽനിന്ന് 99 ശതമാനമായി ഉയർത്തിയതും രൂപ നേട്ടമാക്കി.

ആർ.ബി.ഐ.യുടെ ഇടപെടൽ ഹ്രസ്വകാലയളവിൽ രൂപയ്ക്ക് മികച്ച പിന്തുണ നൽകും. ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും രൂപയുടെ മൂല്യം 95 എന്ന നിലവാരത്തിലേക്ക് മെച്ചപ്പെടാൻ ഇതിടയാക്കും. വിദേശ കറൻസി ഒഴുക്കും അന്താരാഷ്ട്ര വിപണിയിലെ ക്രൂഡ് ഓയിൽ വിലയുമായിരിക്കും വരും ആഴ്ചകളിൽ രൂപയുടെ ഗതി പ്രധാനമായും നിർണയിക്കുക.

## 10 ലക്ഷം രൂപയ്ക്ക് മുകളിൽ ചികിത്സ നൽകുന്നതിന് പരിധി നിശ്ചയിച്ച് ഇഎസ്ഐ കോർപ്പറേഷൻ

**തിരുവനന്തപുരം:** 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ചികിത്സക്ക് ഇഎസ്ഐ കോർപ്പറേഷൻ മാനദണ്ഡങ്ങൾ നിശ്ചയിച്ചതോടെ രോഗികൾ വലയുന്നു. ഹൃദയ, ക്യാൻസർ രോഗികൾക്ക് മാനദണ്ഡം നിലവിൽ വന്നതോടെ മരുന്നു പോലും വാങ്ങാൻ കഴിയുന്നില്ലെന്ന് പരാതി. 10 ലക്ഷം രൂപയ്ക്ക് മുകളിൽ ചികിത്സ ലഭിക്കാൻ നിരവധി സർട്ടിഫിക്കറ്റുകൾ ഹാജരാക്കണമെന്ന നിബന്ധനയും രോഗികളെ കൂടുതൽ ദുരിതത്തിലാക്കി.

ഇഎസ്ഐ പരിരക്ഷയുള്ള ആശുപത്രികളിൽ ഒരു സാമ്പത്തിക വർഷം രോഗികൾക്ക് ചികിത്സിക്കാൻ 10 ലക്ഷം രൂപ എന്ന പരിധിയാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്നത്. പരിധി കടന്ന് ചികിത്സ വേണമെങ്കിൽ നിരവധി മാനദണ്ഡങ്ങൾ ഇക്കഴിഞ്ഞ സെപ്റ്റംബറിൽ ഇഎസ്ഐ കോർപ്പറേഷൻ പ്രഖ്യാപിച്ചു.

പത്തിലധികം മാനദണ്ഡങ്ങൾ നിലവിൽ വന്നതോടെ രോഗികൾ ആശങ്കയിലാണ്.




## ചില്ലറ പണപ്പെരുപ്പം 23 മാസത്തെ ഉയർന്ന നിരക്കിൽ

**ന്യൂദൽഹി:** ഭക്ഷ്യവസ്തുക്കളുടെയും ഇന്ധന വിലവർധന കാരണമുള്ള ഗതാഗതസേവന നിരക്കുകളുടെയും കുതിച്ചുചാട്ടത്തെ തുടർന്ന് രാജ്യത്തെ ചില്ലറ പണപ്പെരുപ്പം കുത്തനെ ഉയർന്നു. സെപ്റ്റംബർ മാസത്തിലെ ഉപഭോക്തൃ വിലസൂചിക (സിപിഐ) അടിസ്ഥാനമാക്കിയുള്ള ചില്ലറ പണപ്പെരുപ്പം 23 മാസത്തെ ഏറ്റവും ഉയർന്ന നിരക്കായ 5.54 ശതമാനത്തിലെത്തി.

ഓഗസ്റ്റിലിത് 4.83 ശതമാനമായിരുന്നു. ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ഓഫിസ് പുറത്തുവിട്ട കണക്കുകൾ പ്രകാരം 2024 ഒക്ടോബറിന് (6.21%) ശേഷമുള്ള ഏറ്റവും ഉയർന്ന പണപ്പെരുപ്പ നിരക്കാണിത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലക്ഷ്യമായ നാലു ശതമാനത്തിന് മുകളിലാണ് തുടർച്ചയായ നാലാം മാസവും പണപ്പെരുപ്പം തുടരുന്നത്.

ഭക്ഷ്യ പണപ്പെരുപ്പത്തിലുണ്ടായ വൻ കുതിപ്പാണ് പ്രധാനമായും നിരക്കുകൾ ഉയർത്തിയത്. ഓഗസ്റ്റിലെ 5.97 ശതമാനത്തിൽ നിന്ന് സെപ്റ്റംബറിലെ ഭക്ഷ്യ പണപ്പെരുപ്പം 7.74 ശതമാനമായി ഉയർന്നു. 2024 ഡിസംബറിനു ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കാണിത്. പച്ചക്കറി വിപണിയിലെ വിലവർധനവാണ് പ്രധാന തിരിച്ചടിയായത്. സവാളയുടെ വിലക്കയറ്റ നിരക്ക് ഓഗസ്റ്റിലെ 48.78 ശതമാനത്തിൽനിന്ന് ഇരട്ടിയിലധികമായി വർധിച്ച് 108.09 ശതമാനത്തിലെത്തി. വെളുത്തുള്ളി (54.62 %), നാരങ്ങ (36.41%), ഇഞ്ചി (62.85 %) എന്നിവയുടെ വിലയും ഉയർന്ന നിലയിൽ തുടരുന്നു. വെള്ളി ആഭരണങ്ങളുടെ വിലയിലെ വർധനവും (87.80 %) പണപ്പെരുപ്പത്തെ കാര്യമായി സ്വാധീനിച്ചു. ഇന്ധനവില ഉയർന്നതോടെ ഗതാഗത നിരക്കുകൾ 5.01 ശതമാനവും ഹോട്ടൽതാമസ നിരക്കുകൾ 9.36 ശതമാനവും ഉയർന്നു. നഗരങ്ങളേക്കാൾ ഗ്രാമീണ മേഖലയെയാണ് വിലക്കയറ്റം രൂക്ഷമായി ബാധിച്ചത്. നഗരങ്ങളിൽ പണപ്പെരുപ്പം 4.88 ശതമാനമായിരുന്നപ്പോൾ ഗ്രാമീണ മേഖലയിൽ ഇത് 6.08 ശതമാനമായി കുതിച്ചുയർന്നു. 50 ലക്ഷത്തിലധികം ജനസംഖ്യയുള്ള വലിയ സംസ്ഥാനങ്ങളിൽ 6.81 ശതമാനം പണപ്പെരുപ്പവുമായി തമിഴ്നാടാണ് പട്ടികയിൽ ഒന്നാമത്.

ഒഡീഷ (6.70 %), മധ്യപ്രദേശ് (6.68 %), തെലങ്കാന (6.64 %), ആന്ധ്രാപ്രദേശ് (6.29 %) എന്നിവയാണ് തൊട്ടുപിന്നിലുള്ള സംസ്ഥാനങ്ങൾ. പുതിയ ഖാരിഫ് വിളവെടുപ്പ് വിപണിയിലെത്തുന്നതോടെ ഭക്ഷ്യവിലയിൽ കുറവുണ്ടാകുമെന്നാണ് വിദഗ്ദ്ധരുടെ പ്രതീക്ഷയെങ്കിലും ഒക്ടോബറിലും പണപ്പെരുപ്പം ആറു ശതമാനത്തിനടുത്ത് നിൽക്കാൻ സാധ്യതയുണ്ടെന്ന് സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.



ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അനധ്യാപക ജീവനക്കാർക്കായി ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (ഐ.ക്യു.എ.സി.) നടത്തുന്ന പഞ്ചദിന അഡ്മിനിസ്ട്രേറ്റീവ് ട്രെയിനിംഗ് പ്രോഗ്രാം രജിസ്ട്രാർ ഡോ. ടി.എസ്. ലാൻസ്‌ലെറ്റ് ഉദ്ഘാടനം ചെയ്യുന്നു. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (ഐ.ക്യു.എ.സി.) ഡയറക്ടർ ഡോ. രാജി ബി. നായർ, ഐ.ക്യു.എ.സി. കോഓർഡിനേറ്റർ ഡോ. ശ്രീവിദ്യ ജി. എന്നിവർ സമീപം.

# സംസ്കൃത സർവ്വകലാശാലയിൽ: പഞ്ചദിന പരിശീലന പരിപാടി തുടങ്ങി

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അനധ്യാപക ജീവനക്കാർക്കായി ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (ഐ.ക്യു.എ.സി.) നടത്തുന്ന പഞ്ചദിന അഡ്മിനിസ്ട്രേറ്റീവ് ട്രെയിനിംഗ് പ്രോഗ്രാം ആരംഭിച്ചു. രജിസ്ട്രാർ ഡോ. ടി.എസ്. ലാൻസ്‌ലെറ്റ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (ഐ.ക്യു.എ.സി.) ഡയറക്ടർ ഡോ. രാജി ബി. നായർ അധ്യക്ഷയായിരുന്നു. ഐ.ക്യു.എ.സി. കോഓർഡിനേറ്റർ ഡോ. ശ്രീവിദ്യ ജി., ഡെപ്യൂട്ടി രജിസ്ട്രാർ ശ്രീജ എം., അസിസ്റ്റന്റ് രജിസ്ട്രാർ റേച്ചൽ പി.ഡി. എന്നിവർ പ്രസംഗിച്ചു. സ!ർവ്വകലാശാല യിലെ ഭരണനിർവഹണവും ഓഫീസ് പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ ഡി.സി.ബി. സ്റ്റേറ്റ്മെന്റ്, ലഹരിമുക്ത ക്യാമ്പസ്, ഡിജിറ്റൽ ഓഫീസ് ഭരണനിർവ്വഹണം, മാനസികാരോഗ്യവും ക്ഷേമവും, മലയാളം കമ്പ്യൂട്ടിംഗ്, ഓഡിറ്റ് നിയമങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ നടക്കും. പ്രസാദ് ടി.എസ്, എക്സൈസ് പ്രിവന്റീവ് ഓഫീസർ സിദ്ധീഖ് സി.എ., രാഹുൽ വി. നായർ, സിന്ധു സദാശിവൻ, ഡോ. റസീന പദ്മം, ഡോ. വിധു നാരായൺ, അജിമോൻ പി.പി., സുഖേഷ് കെ. ദിവാകർ, ശ്രീജ എം. എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നയിക്കും. പരിശീലന പരിപാടി ഒക്ടോബർ 17ന് സമാപിക്കും.

# ദേശീയ വെറ്ററൻ ചാമ്പ്യൻഷിപ്പ്: ജോസ് മാവേലി നാലാം തവണയും ദേശീയ ചാമ്പ്യൻ

**ആലുവ:** അഞ്ചാമത് ദേശീയ വെറ്ററൻ ചാമ്പ്യൻഷിപ്പിൽ നാല് സ്വർണമടക്കം അഞ്ച് മെഡലുകൾ നേടി ജോസ് മാവേലി നാലാം തവണയും ദേശീയ ചാമ്പ്യൻഷിപ്പ് നിലനിർത്തി. കോയമ്പത്തൂർ നെഹ്റു സ്റ്റേഡിയത്തിൽ വെറ്ററൻ സ്പോർട്സ് ആൻഡ് ഗെയിംസ് നാഷണൽ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിലാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിച്ചത്.

വ്യക്തിഗത വിഭാഗത്തിൽ 200, 400 മീറ്റർ ഓട്ടത്തിൽ സ്വർണവും 100 മീറ്ററിൽ വെള്ളിയും നേടിയ അദ്ദേഹം, ഗ്രൂപ്പ് ഇനങ്ങളായ പുരുഷ വിഭാഗം 4 X 400 മീറ്റർ റിലേയിലും 4 ‌ഃ 400 മീറ്റർ മിക്സഡ് റിലേയിലും സ്വർണം നേടി സംസ്ഥാനത്തിന്റെ അഭിമാനമായി.

ജനസേവ ശിശുഭവന്റെ സ്ഥാപകനും ചെയർമാനുമായ ജോസ് മാവേലി ഇതിന് മുമ്പ് മൂന്ന് തവണ ദേശീയ ചാമ്പ്യൻപട്ടം നേടിയിട്ടുണ്ട്. ദേശീയ തലത്തിലെ മികച്ച പ്രകടനത്തിലൂടെ വെറ്ററൻ കായികരംഗത്ത് തന്റെ ആധിപത്യം ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുകയാണ് അദ്ദേഹം.




അന്താരാഷ്ട്ര മത്സരങ്ങളിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള ജോസ് മാവേലി, 2004ൽ തായ്‌ലൻഡിൽ നടന്ന ഏഷ്യൻ മീറ്റിൽ ഏഷ്യയിലെ ഏറ്റവും വേഗതയേറിയ വെറ്ററൻ ഓട്ടക്കാരൻ എന്ന പദവി നേടിയിരുന്നു. 2006ൽ ബംഗളൂരുവിൽ നടന്ന ഏഷ്യൻ മീറ്റിൽ 100 മീറ്ററിൽ വെള്ളിമെഡലും 2010ൽ മലേഷ്യയിൽ നടന്ന ഏഷ്യൻ മീറ്റിൽ വെങ്കലമെഡലും സ്വന്തമാക്കി രാജ്യത്തിന് അഭിമാനമായി.

ദേശീയഅന്തർദേശീയ കായികവേദികളിലെ തുടർച്ചയായ നേട്ടങ്ങളിലൂടെ പ്രായം കായികമികവിന് തടസ്സമല്ലെന്ന് തെളിയിക്കുന്ന ജോസ് മാവേലിയുടെ പുതിയ വിജയം കായികപ്രേമികൾക്ക് പ്രചോദനമാകുന്നു.

# ലഹരിക്കെതിരെ വിദ്യാർഥികൾക്ക് കരുത്തേകാൻ നിർമലയുടെ നിറം പദ്ധതി; രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു

**മൂവാറ്റുപുഴ:** സ്കൂൾ വിദ്യാർഥികളിൽ ജീവിതനൈപുണ്യവും മാനസികക്കരുത്തും വളർത്തി ലഹരിമുക്ത തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ മൂവാറ്റുപുഴ നിർമലാ കോളേജ് ആവിഷ്കരിച്ച നിറം പദ്ധതിക്ക് തുടക്കമായി. കേരള സർക്കാരിന്റെ 'ടൂഫാൻ' സംരംഭത്തോടനുബന്ധിച്ച് കോളേജിൽ സംഘടിപ്പിച്ച പരിപാടിയിൽ മന്ത്രി രമേശ് ചെന്നിത്തല പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. കേവലം ലഹരിവിരുദ്ധ ബോധവത്കരണത്തിനപ്പുറം, വിദ്യാർഥികളിൽ തുടർച്ചയായ ഇടപെടലുകൾ നടത്തി ലഹരി ഉപയോഗം പൂർണ്ണമായി തടയുന്നതിനാണ് ഈ പദ്ധതി പ്രാധാന്യം നൽകുന്നത്. കുട്ടികളിൽ ആത്മവിശ്വാസം, വൈകാരിക ആരോഗ്യം, ഉത്തരവാദിത്വത്തോടെയുള്ള തീരുമാനമെടുക്കാനുള്ള കഴിവ്, ആരോഗ്യകരമായ സൗഹൃദങ്ങൾ, മികച്ച നേതൃത്വശേഷി എന്നിവ വളർത്തിയെടുക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. നിറം സ്കൂൾ നെറ്റ്‌വർക്ക് വഴി കോളേജിലെ വിവിധ വകുപ്പുകൾ സ്കൂളുകളെ ദത്തെടുത്ത് വർഷം മുഴുവൻ തുടർപ്രവർത്തനങ്ങളും ശില്പശാലകളും സംഘടിപ്പിക്കും. വിദ്യാർഥികളെ നിറം യൂത്ത് ലീഡേഴ്സ് ആയി സജ്ജരാക്കി സഹപാഠികളിൽ നല്ല സ്വാധീനം ചെലുത്താനും സ്കൂൾ തല പ്രവർത്തനങ്ങള്ക്ക് നേതൃത്വം നൽകാനും പ്രാപ്തരാക്കും.

കൂടാതെ, രക്ഷിതാക്കൾക്കായി നിറം പേരന്റ് കണക്ട്, അധ്യാപകർക്കുള്ള പ്രത്യേക പരിശീലനം, പോസ്റ്റർ, ക്വിസ്, ഹ്രസ്വചിത്രം, തെരുവുനാടകം, മൈം തുടങ്ങിയവ ഉൾപ്പെടുത്തി സംഘടിപ്പിക്കുന്ന 'നിറം ഫെസ്റ്റ്' എന്നിവയും പദ്ധതിയുടെ ഭാഗമാണ്. ചടങ്ങിൽ നിർമല കോളേജിലെ തൂഫാൻ വാരിയേഴ്സിനെ രമേശ് ചെന്നിത്തല ഔദ്യോഗികമായി പ്രഖ്യാപിക്കുകയും വിദ്യാർഥികൾക്ക് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും പോസ്റ്റർ പ്രകാശനം നിർവഹിക്കുകയും ചെയ്തു.

# എം.ജി.യു.വിൽ പ്രോജക്ട് അസോസിയേറ്റ് ഒഴിവ്

**കോട്ടയം:** സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷന്റെ രാമാനുജൻ ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി പ്രോജക്ട് അസോസിയേറ്റ് തസ്തികയിൽ താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരൊഴിവാണുള്ളത്.

കെമിസ്ട്രിയിൽ കുറഞ്ഞത് 60 ശതമാനം മാർക്കോടെ എം.എസ്‌സി. നേടിയവർക്ക് അപേക്ഷിക്കാം. നെറ്റ്/ഗേറ്റ് യോഗ്യതയുള്ളവർക്ക് മുൻഗണന ലഭിക്കും. 28 വയസിൽ താഴെയായിരിക്കണം പ്രായം. പ്രതിമാസം 25,000 രൂപയാണ് ഫെലോഷിപ്പ്. ഒക്ടോബർ 31ന് മുൻപായി chinjugovindmv@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ അപേക്ഷിക്കണം. വിശദവിവരങ്ങൾക്ക്: mgu.ac.in.

## പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ എം.എസ്.സി. അപ്ലൈഡ് ഇലക്ട്രോണിക്സ്, എം.എസ്.സി. സൈബർ ഫോറൻസിക്സ് (പി.ജി.സി.എസ്.എസ്. 2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ.

രണ്ടാം സെമെസ്റ്റർ എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ സയൻസ് (പി.ജി.സി.എസ്.എസ്. 2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ് ) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ .

രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (പി.ജി.സി.എസ്.എസ്. 2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ.

രണ്ടാം സെമസ്റ്റർ എം.എസ്.സി. ബയോ ഇൻഫർമാറ്റിക്സ് (പി.ജി.സി.എസ്.എസ്. 2025 അഡ്മിഷൻ റെഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 27 വരെ ഓൺലൈൻ ആയി അപേക്ഷിക്കാം. വിശദാംശങ്ങൾ വെബ്സൈറ്റിൽ.






# വടക്കേ മലബാറിലെ ആദ്യ പീഡിയാട്രിക് എമർജൻസി മെഡിസിൻ വിഭാഗം കണ്ണൂർ ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ

**കണ്ണൂർ:** കുട്ടികൾക്കായുള്ള അടിയന്തര ചികിത്സാ രംഗത്ത് പുതിയ ചരിത്രം കുറിച്ച് വടക്കേ മലബാറിലെ ആദ്യത്തെ സമ്പൂർണ്ണ പീഡിയാട്രിക് എമർജൻസി മെഡിസിൻ വിഭാഗവും, സ്കൂൾ വിദ്യാർത്ഥികൾക്കായി രൂപകൽപ്പന ചെയ്ത നൂതന ആരോഗ്യ പദ്ധതിയായ കുട്ടി ഡോക്ടറും കണ്ണൂർ ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ പ്രവർത്തനം ആരംഭിച്ചു.

കുഞ്ഞുങ്ങളുടെ ജീവൻ രക്ഷിക്കുന്നതിന് അടിയന്തര ഘട്ടങ്ങളിൽ പ്രത്യേക പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് എമർജൻസി വിഭാഗത്തിന് കീഴിൽ തന്നെ കുട്ടികൾക്കായി പീഡിയാട്രിക് എമർജൻസി വിഭാഗം സജ്ജീകരിച്ചിരിക്കുന്നത്. പീഡിയാട്രിക് കാർഡിയോളജി, പീഡിയാട്രിക് ഓർത്തോപീഡിക്സ്, പീഡിയാട്രിക് നെഫ്രോളജി, പീഡിയാട്രിക് ക്രിട്ടിക്കൽ കെയർ, പീഡിയാട്രിക് എയർവേ മാനേജ്മെന്റ്, പീഡിയാട്രിക് ഇന്റർവെൻഷനൽ എയർവേ തുടങ്ങിയ അത്യാധുനിക സേവനങ്ങളെല്ലാം ഒരു കുടക്കീഴിൽ ഇവിടെ ലഭ്യമാണ്.

അടിയന്തര സാഹചര്യങ്ങളിൽ തുണയാകാൻ കുട്ടികളെ സജ്ജമാക്കുന്ന പദ്ധതിയാണ് കുട്ടി ഡോക്ടർ.

സ്കൂളുകളിൽ ഉണ്ടാകുന്ന അടിയന്തര ഘട്ടങ്ങളിൽ സമയോചിതമായി ഇടപെടാനും പ്രഥമശുശ്രൂഷ നൽകാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന സാമൂഹിക സംരംഭമാണ് ഇത്. കണ്ണൂർ ജില്ലയിലെ സ്കൂളുകളിൽ നിന്ന് സ്റ്റുഡന്റ് പൊലീസ് കേഡറ്റ് അംഗങ്ങളായ രണ്ട് വിദ്യാർത്ഥികളെ വീതം തെരഞ്ഞെടുത്ത്, അവർക്ക് ശാസ്ത്രീയമായ അടിയന്തര ശുശ്രൂഷാ പരിശീലനം ബി.എം.എച്ച് വിദഗ്ധ സംഘം നൽകും. ഈ പരിശീലനം ലഭിച്ച കുട്ടികളാണ് സ്കൂളുകളിൽ കുട്ടി ഡോക്ടർമാരായി പ്രവർത്തിക്കുക. ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ വെച്ച് നടന്ന ഇരു പദ്ധതികളുടെയും ഉൽഘാടന ചടങ്ങിൽ യങ് ഇൻസ്പിറേഷൻ മാസ്റ്റർ കെവിൻ. ബേബി ഹോസ്പിറ്റൽ കണ്ണൂർ ക്ലസ്റ്റർ സി.ഇ.ഒ നിരൂപ് മുണ്ടയാടൻ, കുമാരി ജെസ ഖാലിദ്, തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ, ഡോക്ടർമാർ എന്നിവർ ചേർന്ന് കുട്ടി ഡോക്ടർ പദ്ധതിയുടെ പ്രതീകാത്മക ഉദ്ഘാടനം നിർവഹിച്ചു.

ബേബി മെമ്മോറിയൽ ഹോസ്പിറ്റലിന്റെ ലക്ഷ്യം മികച്ച ചികിത്സ ലഭ്യമാക്കുക എന്നതിലുപരി, കണ്ണൂരിന്റെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനായി നൂതനമായ പദ്ധതികൾ നടപ്പിലാക്കുക എന്നതുകൂടിയാണെന്നും . കുട്ടികളുടെ അടിയന്തര ചികിത്സയ്ക്കായി പ്രത്യേക പീഡിയാട്രിക് എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കുന്നതിലൂടെ വടക്കേ മലബാറിലെ കുട്ടികൾക്ക് സമയബന്ധിതവും വിദഗ്ധവുമായ പരിചരണം ഉറപ്പാക്കാൻ സാധിക്കുമെന്നും. അതോടൊപ്പം, സ്കൂൾ വിദ്യാർത്ഥികൾക്ക് അടിയന്തര സാഹചര്യങ്ങളെ നേരിടാനും പ്രഥമശുശ്രൂഷ നൽകാനും പരിശീലനം നൽകുന്ന കുട്ടി ഡോക്ടർ പദ്ധതി സാമൂഹിക ഉത്തരവാദിത്തത്തിന്റെ മികച്ച മാതൃകയാണെന്നും. ഇത്തരം സംരംഭങ്ങളിലൂടെ കുട്ടികൾക്ക് സുരക്ഷിതമായ അന്തരീക്ഷം ഒരുക്കുന്നതിനൊപ്പം, അടിയന്തര സാഹചര്യങ്ങളിൽ മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാൻ കഴിയുന്ന ഒരു പുതുതലമുറയെ വാർത്തെടുക്കാനും നമുക്ക് സാധിക്കുമെന്നും ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ കണ്ണൂർ ക്ലസ്റ്റർ സി.ഇ.ഒ നിരൂപ് മുണ്ടയാടൻ പറഞ്ഞു.

ചടങ്ങിൽ ബേബി ഹോസ്പിറ്റൽ കണ്ണൂർ ക്ലസ്റ്റർ സി.എം.എസ് ഡോ. മുഹമ്മദ് അബ്ദുൽ നാസർ ഇ.കെ സ്വാഗതം ആശംസിച്ചു. ചീഫ് കൺസൾട്ടന്റും മെഡിക്കൽ അഡ്മിനിസ്ട്രേറ്ററുമായ ഡോ. കണ്ണൻ എ.എസ് പീഡിയാട്രിക് എമർജൻസി മെഡിസിൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. പീഡിയാട്രിക് ക്രിട്ടിക്കൽ കെയർ സീനിയർ കൺസൾട്ടന്റ് ഡോ. പ്രസാദ് കുമാർ ആശംസകളർപ്പിച്ചു. എമർജൻസി മെഡിസിൻ വിഭാഗം ചീഫും കൺസൾട്ടന്റുമായ ഡോ. നിതിൻ അക്കൽ നന്ദി രേഖപ്പെടുത്തി.

കണ്ണൂർ ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ വെച്ച് നടന്ന ഇരു പദ്ധതികളുടെയും ഉൽഘാടന ചടങ്ങിൽ യങ് ഇൻസ്പിറേഷൻ മാസ്റ്റർ കെവിൻ. ബേബി ഹോസ്പിറ്റൽ കണ്ണൂർ ക്ലസ്റ്റർ സി.ഇ.ഒ നിരൂപ് മുണ്ടയാടൻ, ഏറ്റവും പ്രായം കുറഞ്ഞ ഇജ്ഞബോധവൽക്കരണ ഇൻഫ്ലുവൻസർ ജെസ ഖാലിദ്, ബേബി ഹോസ്പിറ്റൽ കണ്ണൂർ ക്ലസ്റ്റർ സി.എം.എസ് ഡോ. മുഹമ്മദ് അബ്ദുൽ നാസർ ഇ.കെ, ചീഫ് കൺസൾട്ടന്റും മെഡിക്കൽ അഡ്മിനിസ്ട്രേറ്ററുമായ ഡോ. കണ്ണൻ എ.എസ്, എമർജൻസി മെഡിസിൻ വിഭാഗം ചീഫ് ഡോ. നിതിൻ അക്കൽ, പീഡിയാട്രിക്സ് ആൻഡ് നിയോനാറ്റോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. പ്രസാദ് കുമാർ എന്നിവർ സംസാരിച്ചു.

## സംസ്ഥാന സ്കൂൾ കായികമേള ഭാഗ്യചിഹ്നം കുട്ടു പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** 68ാമത് സംസ്ഥാന സ്കൂൾ കായികമേള ഒക്ടോബർ 25 മുതൽ 31 വരെ കോഴിക്കോട് നടക്കും. മേളയുടെ ഭാഗ്യചിഹ്നമായ 'കുട്ടു' പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ നിയമസഭാ മീഡിയാ റൂമിൽ പ്രകാശനം ചെയ്തു. കൊല്ലം ജില്ലയിലെ കെഎൻഎൻഎം എച്ച്എസ്എസ് ലെ എട്ടാം ക്ലാസ് വിദ്യാർഥിനി ആർ എസ് ലക്ഷ്മി നന്ദനയാണ് ഭാഗ്യചിഹ്നം രൂപകൽപ്പന ചെയ്തത്.

മേളയ്ക്ക് മുന്നോടിയായി തിരുവനന്തപുരത്തു നിന്ന് ഒക്ടോബർ 22 ന് ആരംഭിക്കുന്ന സ്വർണക്കപ്പ് ഘോഷയാത്രയും കാസർകോട് നിന്ന് 23 ന് ആരംഭിക്കുന്ന ദീപശിഖാ പ്രയാണവും 25 ന് കോഴിക്കോട് ബീച്ചിലെത്തും. ഉദ്ഘാടനച്ചടങ്ങിൽ നാലായിരം കായികതാരങ്ങൾ പങ്കെടുക്കുന്ന മാർച്ച് പാസ്റ്റും മൂവായിരം കുട്ടികൾ അണിനിരക്കുന്ന സാംസ്കാരിക പരിപാടികളും ഉണ്ടാകും.

മുഖ്യമന്ത്രി വി ഡി സതീശൻ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, മന്ത്രിമാർ, ജനപ്രതിനിധികൾ, ഏഷ്യൻ ഗെയിംസ്, ഒളിമ്പിക്സ് താരങ്ങൾ തുടങ്ങിയവർ പങ്കെടുക്കുമെന്ന് മന്ത്രി അറിയിച്ചു.

പത്ത് മത്സരവേദികളിലായി നടക്കുന്ന കായികമേളയിൽ പതിനയ്യായിരത്തോളം പേർ പങ്കെടുക്കും. ഗൾഫ് മേഖലയിൽ നിന്ന് 48 വിദ്യാർഥികളാണ് ഇത്തവണ മത്സരത്തിനെത്തുക. 27 മുതൽ 31 വരെ കോഴിക്കോട് എൻ ഐ ടി യിൽ നടക്കുന്ന പ്രധാന അത്‌ലറ്റിക്സ് മത്സരങ്ങളിൽ സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി 2800 കായിക താരങ്ങൾ മാറ്റുരയ്ക്കും. ഇൻക്ലൂസിവ് കായികമേള 26 ന് സംഘടിപ്പിക്കും. രണ്ടായിരത്തിലധികം കായിക താരങ്ങൾ പങ്കെടുക്കുന്ന ഈ വിഭാഗത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള വിവിധ മത്സരങ്ങളുണ്ടാകും.

## എം.ജി.യു. ഗവേഷകയ്ക്ക് പ്രബന്ധാവതരണത്തിന് ഐ സി എം ആർ ട്രാവൽ ഗ്രാന്റ്

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ പി.എച്ച്.ഡി. ഗവേഷകയായ സകീന അസ്മിക്ക് യു.എസ്.എ.യിൽ ഗവേഷണ പ്രബന്ധമവതരിപ്പിക്കാൻ യാത്രാ ധനസഹായം ലഭിച്ചു. 2026 നവംബർ 14 മുതൽ 18 വരെ നടക്കുന്ന സൊസൈറ്റി ഫോർ ന്യൂറോ സയൻസിന്റെ വാർഷിക സമ്മേളനമായ 'ന്യൂറോ സയൻസ് 2026'ൽ ഗവേഷണം അവതരിപ്പിക്കുന്നതിനാണ് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിൽ നിന്നും യാത്ര ധനസഹായം ലഭിച്ചിരിക്കുന്നത്.

പാർക്കിൻസൺസ് രോഗത്തിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിനും കോശങ്ങളിലെയും തന്മാത്രകളിലെയും മാറ്റങ്ങൾ തലച്ചോറിലെ കോശങ്ങളുടെ ക്രമാനുഗതമായ നാശത്തിന് കാരണമാകുന്നത് എങ്ങനെയെന്ന് മനസ്സിലാക്കുന്നതിനുമായി സകീന അസ്മി നടത്തിയ ഗവേഷണപ്രബന്ധം സമ്മേളനത്തിൽ അവതരിപ്പിക്കും. സർവകലാശാലയിലെ ഐ. യൂ. സി. ബി. ആർ. ആന്റ് എസ്. എസ്. എച്ച്.ലെ സീനിയർ സയന്റിസ്റ്റ് ഡോ. ഗൗതം ചന്ദ്രയുടെ മേൽനോട്ടത്തിലാണ് സകീന അസ്മി ഗവേഷണം നടത്തുന്നത്.

മസ്തിഷ്കത്തെയും നാഡീവ്യവസ്ഥയെയും കുറിച്ചുള്ള പഠനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ശാസ്ത്രജ്ഞരുടെയും വൈദ്യശാസ്ത്ര വിദഗ്ധരുടെയും ലോകത്തിലെ ഏറ്റവും വലിയ സംഘടനയായ സൊസൈറ്റി ഫോർ ന്യൂറോ സയൻസിന്റെ വാർഷിക സമ്മേളനമാണ് 'ന്യൂറോ സയൻസ് 2026'. അടിസ്ഥാന ന്യൂറോ സയൻസ് മുതൽ ക്ലിനിക്കൽ ഗവേഷണം വരെയുള്ള മേഖലകളിലെ ഏറ്റവും പുതിയ കണ്ടെത്തലുകൾ പങ്കുവെക്കുന്നതിനായി ലോകമെമ്പാടുമുള്ള നിരവധി ഗവേഷകർ സമ്മേളനത്തിൽ പങ്കെടുക്കും.

## തെയ്യം ശില്പശാല

**കോട്ടയം:** സാമൂഹികശാസ്ത്ര പഠനവകുപ്പ് വടക്കേമലബാറിലെ തെയ്യം അനുഷ്ഠാനത്തേയും സംസ്കാരത്തെയും സാമൂഹിക ജീവിതത്തെയും കുറിച്ച് ഒക്ടോബർ 14ന് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. പുല്ലരിക്കുന്നിലുള്ള സാമൂഹിക ശാസ്ത്ര പഠനവകുപ്പാണ് വേദി. ശില്പശാലയിൽ പ്രമുഖ തെയ്യം കലാകാരന്മാരും പണ്ഡിതന്മാരും പങ്കെടുക്കും. വടക്കൻ കേരളത്തിലെ കുടുംബ ബന്ധങ്ങൾ, മതപരമായ വ്യവസ്ഥിതികൾ, അനുഷ്ഠാനങ്ങൾ, ആചാരങ്ങൾ, ജാതിവ്യവസ്ഥ, തെയ്യം കലാകാരന്മാരുടെ സാമൂഹിക ജീവിതം, തെയ്യത്തിലെ കലാസൗന്ദര്യശാസ്ത്രവിനോദ ഘടകങ്ങൾ, സമകാലിക കാലഘട്ടത്തിൽ ഇവയുണ്ടാക്കുന്ന മാറ്റങ്ങളും തുടർച്ചയും തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടക്കും. ശില്പശാലയുടെ ഭാഗമായി തെയ്യത്തെ ആസ്പദമാക്കി ഫോട്ടോ പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്. സാമൂഹിക ശാസ്ത്ര വിഭാഗത്തിലെ വിവിധ ഗവേഷകരുടെയും പ്രമുഖരുടെയും അമ്പതോളം ചിത്രങ്ങൾ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സാമൂഹികശാസ്ത്ര പഠന വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്ന 'ദക്ഷിണേന്ത്യയിലെ കളിയാട്ടം മണ്ഡലത്തിലെ കുടുംബവും ജന്മാവകാശവും (ചെറുജന്മം)' എന്ന ഗവേഷണ പദ്ധതിയുടെ ഭാഗമായാണ് ഈ ശില്പശാല സംഘടിപ്പിക്കുന്നത്. ന്യൂ ഡൽഹിയിലെ ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചാണ് ധനസഹായം ലഭ്യമാക്കിയിരിക്കുന്നത്.




## കെഎസ്എഫ്ഇ പിങ്ക് ചിട്ടികൾക്ക് തുടക്കമായി

**തിരുവനന്തപുരം:** കെഎസ്എഫ്ഇ പിങ്ക് ചിട്ടികളുടെ ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി വി ഡി സതീശൻ നിയമസഭാ മീഡിയാ റൂമിൽ നടന്ന ചടങ്ങിൽ നിർവഹിച്ചു. സർക്കാരിന്റെ സ്ത്രീ ശാക്തീകരണ നയങ്ങളുടെ ഭാഗമായി വനിതകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും മാത്രമായി കെഎസ്എഫ്ഇ അവതരിപ്പിക്കുന്ന പ്രത്യേക സമ്പാദ്യ പദ്ധതിയാണ് 'പിങ്ക് ചിട്ടികൾ'. ദൈനംദിന സമ്പാദ്യത്തിൽ നിന്ന് മികച്ച ഒരു സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിനും, സുരക്ഷിതമായ നിക്ഷേപത്തിലൂടെ സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. 202526 സാമ്പത്തിക വർഷത്തെ കെഎസ്എഫ്ഇ ഗ്യാരന്റി കമ്മിഷന്റെ രണ്ടാം ഗഡുവും (110.04 കോടി രൂപ) മാനേജിങ് ഡയറക്ടർ പി എൻ അഭിലാഷ് മുഖ്യമന്ത്രിക്ക് കൈമാറി. കെഎസ്എഫ്ഇ ജനറൽ മാനേജർമാരായ എസ് ശരത് ചന്ദ്രൻ, പി ശ്രീകുമാർ, കമ്പനി സെക്രട്ടറി എമിൽ അലക്സ് തുടങ്ങിയവർ സന്നിഹിതരായി.

# ഫ്ളിപ്കാർട്ടിന്റെ ബിഗ് ബില്യൺ ഡേയ്സിന് മികച്ച തുടക്കം

**കൊച്ചി:** ഫ്ളിപ്കാർട്ടിന്റെ 130 മത് ബിഗ് ബില്യൺ ഡേയ്സ് വിൽപ്പനയുടെ ആദ്യ മണിക്കൂറിൽ 63 ലക്ഷം ഉപയോക്താക്കൾ ഒരേസമയം പ്ലാറ്റ്ഫോമിലെത്തി. സാധാരണ സമയത്തേക്കാൾ ആറിരട്ടിയിലധികം ഉപഭോക്താക്കൾ ഷോപ്പിങ്ങിനെത്തിയപ്പോൾ പുതിയ ഉപഭോക്താക്കളുടെ എണ്ണത്തിൽ 34 ശതമാനം വളർച്ചയുണ്ടായി. ആദ്യ മണിക്കൂറിലെ സന്ദർശനങ്ങളിൽ പകുതിയോളം ടയർ 3 നഗരങ്ങളിൽ നിന്നും അതിനപ്പുറമുള്ള പ്രദേശങ്ങളിൽ നിന്നുമായിരുന്നു. മൊത്തം ആവശ്യകതയുടെ 60 ശതമാനത്തോളം ചെറുനഗരങ്ങളിൽ നിന്നാണ്. ഫ്ലിപ്കാർട്ട് മിനിറ്റ്സ് ഓർഡറുകൾ 3.5 മടങ്ങായി ഉയർന്നു. ബ്യൂട്ടി വിഭാഗത്തിൽ 42 ശതമാനവും വലിയ ഗൃഹോപകരണങ്ങളിൽ 30 ശതമാനവും വളർച്ച രേഖപ്പെടുത്തി. വിൽപ്പനയുടെ ആദ്യഘട്ടത്തിൽ ഇടപാടുകൾ നടത്തിയ 51 ശതമാനം വിൽപ്പനക്കാർക്കും സാധാരണ ദിവസങ്ങളേക്കാൾ ഇരട്ടിവളർച്ച നേടാനായി.

GOETHE-ZENTRUM
KOOPERATIONSPARTNER
GOETHE INSTITUT

## ജർമ്മനിയിലെ അവസരങ്ങൾ: ഒക്ടോബർ 27 ന് ഇൻഫർമേഷൻ സെഷനുമായി ഗൊയ്ഥെ സെൻട്രം

**കോഴിക്കോട്:** ജർമ്മനിയിൽ ഉപരിപഠനവും ജോലിയും ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും വഴികാട്ടുന്ന 'ഇൻഫർമേഷൻ സെഷൻ' പരിപാടിയുമായി ഗൊയ്ഥെ സെൻട്രം. കോഴിക്കോട് പുതുതായി ആരംഭിച്ച ഗൊയ്ഥെ സെൻട്രത്തിൽ ഒക്ടോബർ 27 ന് രാവിലെ 9.30 നാണ് പരിപാടി.

ജർമ്മനിയിലെ അവസരങ്ങൾ എന്ന വിഷയത്തിൽ ജർമ്മൻ അക്കാദമിക് എക്സ്ചേഞ്ച് സർവീസുമായി (ഡിഎഎഡി) സഹകരിച്ച് സംഘടിപ്പിക്കുന്ന പരിപാടിയിലൂടെ ജർമ്മനിയിലെ വിദ്യാഭ്യാസ, വൊക്കേഷണൽ പരിശീലന, കരിയർ അവസരങ്ങളെക്കുറിച്ചറിയാൻ സാധിക്കും.

ജർമ്മനിയിലെ ഉപരിപഠന സാധ്യതകളെക്കുറിച്ചും സർവ്വകലാശാലകളെക്കുറിച്ചും ഡിഎഎഡി പ്രതിനിധികൾ സംസാരിക്കും. ജർമ്മൻ ഭാഷാപ്രാവീണ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രായോഗിക തൊഴിൽ പരിചയവും സൈദ്ധാന്തിക വിദ്യാഭ്യാസവും സംയോജിപ്പിക്കുന്ന ജർമ്മനിയുടെ വൊക്കേഷണൽ പരിശീലന സമ്പ്രദായമായ 'ഔസ്ബിൽഡുങ്ങിനെക്കുറിച്ചും' ഗൊയ്ഥെ സെന്റർ ഉദ്യോഗസ്ഥർ വിശദീകരിക്കും.

ജർമ്മനിയിൽ ലഭ്യമായ വലിയ അവസരങ്ങളെക്കുറിച്ചും ജർമ്മൻ ഭാഷാപ്രാവീണ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കേരളത്തിലെ യുവജനങ്ങളെ അറിയിക്കാനും ഭാവി തീരുമാനങ്ങളെടുക്കാൻ സഹായിക്കാനും ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നതായി ഗൊയ്ഥെ സെന്റർ കേരള ഡയറക്ടറും ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കിന്റെ കേരളത്തിലെ ഓണററി കോൺസലുമായ ഡോ. സയ്യിദ് ഇബ്രാഹിം പറഞ്ഞു.

യുവജനങ്ങൾക്കിടയിൽ ജർമ്മൻ ഭാഷാ പഠനവും സാംസ്കാരികബന്ധവും ശക്തിപ്പെടുത്തുന്നതിനാണ് കോഴിക്കോട് ഗൊയ്ഥെ സെന്റർ ആരംഭിച്ചത്. വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമുള്ള ജർമ്മൻ ഭാഷാ കോഴ്സുകൾ, പരീക്ഷകൾ, സാംസ്കാരിക പഠനാവസരങ്ങൾ എന്നിവ പ്രാദേശികമായി ലഭ്യമാക്കാൻ ഈ കേന്ദ്രത്തിലൂടെ ലക്ഷ്യമിടുന്നു. ജർമ്മനിയിലെ വിദ്യാഭ്യാസ, തൊഴിൽ അവസരങ്ങളെക്കുറിച്ചറിയാൻ താല്പര്യമുള്ളവർക്ക് ഈ കേന്ദ്രം വഴികാട്ടിയാകും. ജർമ്മനിയിലെ വിദ്യാഭ്യാസതൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ ജർമ്മൻ ഭാഷാ അറിവുകൾ നിർണായക പങ്ക് വഹിക്കുന്നുണ്ട്. ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ ഭാഷാ വൈദഗ്ധ്യവും യോഗ്യതകളും തയ്യാറെടുപ്പുകളും എന്തൊക്കെയാണെന്ന് മനസ്സിലാക്കാൻ ഈ പരിപാടി സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു. രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമാണ് പ്രവേശനം.

രജിസ്ട്രേഷന് സന്ദർശിക്കുക: calicut@goethe-zetnrum.org. ഫോൺ: 9567260067 / 04953101957.




# വോൾവോയുടെ ആദ്യ സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇലക്ട്രിക്ക് എസ് യു വി ഇഎക്സ് 90 ഇന്ത്യയിൽ

**കൊച്ചി:** ആഡംബരവും സുരക്ഷയും നൂതന സാങ്കേതികവിദ്യയും ഒരുമിപ്പിച്ച് വോൾവോയുടെ പുതിയ ഇലക്ട്രിക് ഫ്ളാഗ്ഷിപ്പ് എസ് യു വി ഇഎക്സ് 90 ഇന്ത്യൻ വിപണിയിൽ. വോൾവോ കാർ ഇന്ത്യയുടെ ആദ്യ സോഫ്റ്റ്‌വെയർ അധിഷ്ഠിത വാഹനമായ ഇഎക്സ് 90 ആറ് സീറ്റുകളുമായാണ് എത്തുന്നത്. വാഹനത്തിന്റെ എക്സ്ഷോറൂം വില 1,26,00,000 രൂപയാണ്. ഡിസംബർ 31 വരെ ബുക്കിങ് നടത്തുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങളും ലഭിക്കും. ഡൽഹിയിൽ നടന്ന 9090 ഷോയിൽ വോൾവോ കാർ ഇന്ത്യ മാനേജിങ് ഡയറക്ടർ ജ്യോതി മൽഹോത്രയാണ് വാഹനം അവതരിപ്പിച്ചത്. സുരക്ഷ, സാങ്കേതികവിദ്യ, ദീർഘദൂര യാത്രയ്ക്കുള്ള ശേഷി, സ്വീഡിഷ് ആഡംബരം എന്നിവ സംയോജിപ്പിച്ച ഫാമിലി എസ് യു വിയാണ് ഇഎക്സ് 90 എന്ന് അദ്ദേഹം പറഞ്ഞു.

106 കിലോവാട്ട് അവർ ബാറ്ററിയും ഡ്യുവൽ ഇലക്ട്രിക് മോട്ടോർ സിസ്റ്റവുമാണ് ഇഎക്സ് 90 യുടെ പ്രധാന ആകർഷണം. 456 എച്ച്പി കരുത്തും 670 എൻഎം ടോർക്കും ഉൽപാദിപ്പിക്കുന്ന വാഹനത്തിന് 5.5 സെക്കൻഡിൽ പൂജ്യത്തിൽനിന്ന് 100 കിലോമീറ്റർ വേഗത്തിലെത്താനാകും. ഞഘഠജ മാനദണ്ഡപ്രകാരം 625 കിലോമീറ്റർ വരെയും റേറ്റിങ് പ്രകാരം 725 കിലോമീറ്റർ വരെയുമാണ് കമ്പനി അവകാശപ്പെടുന്ന റേഞ്ച്.

വോൾവോയുടെ പുതിയ എസ്പിഎ2 പ്ലാറ്റ്ഫോമിൽ നിർമിച്ച ഇഎക്സ് 90 യിൽ എൻവിഡിയ ഡ്രൈവ് പ്ലാറ്റ്ഫോമും ക്വാൽകോം സ്നാപ്ഡ്രാഗൺ 8155 കോക്ക്പിറ്റ് സാങ്കേതികവിദ്യയുമുണ്ട്. വാഹനത്തിലെ കോർ കമ്പ്യൂട്ടറിന് സെക്കൻഡിൽ 254 മുതൽ 280 ട്രില്യൺ വരെ പ്രവർത്തന ശേഷിയുണ്ടെന്നാണ് കമ്പനിയുടെ വിശദീകരണം.

അഞ്ച് ക്യാമറകൾ, അഞ്ച് റഡാറുകൾ, 12 അൾട്രാസോണിക് സെൻസറുകൾ എന്നിവയടങ്ങിയ സുരക്ഷാ സംവിധാനമാണ് ഇഎക്സ് 90 യിലുള്ളത്. 360 ഡിഗ്രി 3ഡി ക്യാമറ, പൈലറ്റ് അസിസ്റ്റ്, അഡാപ്റ്റീവ് ക്രൂസ് കൺട്രോൾ, യാത്രക്കാരെ തിരിച്ചറിയുന്ന സംവിധാനം, കൂട്ടിയിടി ഒഴിവാക്കാനുള്ള സാങ്കേതികവിദ്യ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. സുരക്ഷയ്ക്കൊപ്പം സോഫ്റ്റ്‌വെയർ അപ്ഡേറ്റുകളിലൂടെ വാഹനത്തിന്റെ സംവിധാനങ്ങൾ പുതുക്കാനും കഴിയും.

14.5 ഇഞ്ച് സെൻട്രൽ ടച്ച്സ്ക്രീനിൽ ഗൂഗിൾ അധിഷ്ഠിത സംവിധാനങ്ങൾ ലഭ്യമാണ്. ഗൂഗിൾ മാപ്സ്, യൂട്യൂബ്, ആമസോൺ പ്രൈം വീഡിയോ എന്നിവയ്ക്കൊപ്പം വയർലെസ് ആപ്പിൾ കാർപ്ലേയും വാഹനത്തിലുണ്ട്. ഓവർദിഎയർ അപ്ഡേറ്റുകൾ വഴി സോഫ്റ്റ്വെയർ പുതുക്കാനാകും.

നാപ്പ ലെതർ സീറ്റുകൾ, നാല് മേഖലകളായി ക്രമീകരിക്കാവുന്ന ക്ലൈമറ്റ് കൺട്രോൾ, പനോരമിക് ഇലക്ട്രോക്രോമിക് സൺറൂഫ്, ബാക്ക്ലിറ്റ് വുഡ് ഡെക്കർ എന്നിവ വാഹനത്തിന്റെ ഇന്റീരിയറിനെ വേറിട്ടതാക്കുന്നു. മൂന്നാം നിരയിലേക്ക് എളുപ്പത്തിൽ പ്രവേശിക്കാവുന്ന ക്യാപ്റ്റൻ സീറ്റുകളും മടക്കിവയ്ക്കാവുന്ന പിൻസീറ്റുകളും യാത്രാസൗകര്യത്തിനൊപ്പം ലഗേജ് സ്പേസും വർധിപ്പിക്കുന്നു.

25 സ്പീക്കറുകളുള്ള 1,610 വാട്ട് ബോവേഴ്സ് ആൻഡ് വിൽകിൻസ് ഓഡിയോ സംവിധാനത്തിൽ ഡോൾബി അറ്റ്മോസും ആബി റോഡ് സ്റ്റുഡിയോ മോഡുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഡെനിം ബ്ലൂ, സാൻഡ് ഡ്യൂൺ, മൾബറി റെഡ്, ക്രിസ്റ്റൽ വൈറ്റ്, ഓനിക്സ് ബ്ലാക്ക്, വേപ്പർ ഗ്രേ എന്നീ ആറ് നിറങ്ങളിലാണ് ഇഎക്സ് 90 ലഭ്യമാകുക. ബൈഡയറക്ഷനൽ ചാർജിങ് സംവിധാനവും വാഹനത്തിലുണ്ട്.

നവംബറിൽ ടെസ്റ്റ് ഡ്രൈവുകളും ഉപഭോക്താക്കൾക്കായി വാഹനം നേരിൽ കണ്ട് എക്സ്പീരിയൻസ് ചെയ്യാനുമുള്ള സൗകര്യം ലഭിക്കും.

2027 ജനുവരിയിലാണ് വിതരണം തുടങ്ങുക. ഡിസംബർ 31നകം ബുക്ക് ചെയ്യുന്നവർക്ക് 11 കിലോവാട്ട് വാൾബോക്സ് ചാർജറും മൂന്ന് വർഷത്തെ സർവീസ് പാക്കേജും ലഭിക്കും. മൂന്നുവർഷത്തിനുശേഷം 65 ശതമാനം ബൈബാക്ക് ഓഫറും കമ്പനി വാഗ്ദാനം ചെയ്യുന്നു.

ഇതിനൊപ്പം പൂർണ ഇലക്ട്രിക് ആഡംബര സെഡാൻ ES90 യുടെ ടീസറും വോൾവോ പുറത്തുവിട്ടിട്ടുണ്ട്.

# ഡെസ്റ്റിനേഷൻ എക്സ്പാൻഡ് നോർത്ത് സ്റ്റാർ റോഡ്ഷോ സമാപിച്ചു

**കോഴിക്കോട്:** കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് ആഗോള വിപണിയിലേയ്ക്കുള്ള വഴി തുറക്കുന്നതിനായി ദുബായ് വേൾഡ് ട്രേഡ് സെന്റർ കേന്ദ്രമായി പ്രവർത്തിക്കുന്ന സെൻട്രൽ സംഘടിപ്പിച്ച 'ഡെസ്റ്റിനേഷൻ എക്സ്പാൻഡ് നോർത്ത് സ്റ്റാർ' കോഴിക്കോട് റോഡ്ഷോ സമാപിച്ചു. ഗവൺമെന്റ് സൈബർപാർക്ക്, ഹൈലൈറ്റ് ബിസിനസ് പാർക്ക്, കാഫിറ്റ് എന്നിവയുടെ സഹകരണത്തോടെ കോഴിക്കോട് ഹൈലൈറ്റ് ബിസിനസ് പാർക്കിൽ നടന്ന പരിപാടിയിൽ നൂറോളം സ്റ്റാർട്ടപ്പ് സംരംഭകർ പങ്കെടുത്തു.

ദുബായ് കേന്ദ്രീകരിച്ച് അന്താരാഷ്ട്ര വിപണി കണ്ടെത്താനും ആഗോള നിക്ഷേപകരുമായും പങ്കാളികളുമായും ബന്ധം സ്ഥാപിക്കാനും ലക്ഷ്യമിട്ടാണ് റോഡ്ഷോ സംഘടിപ്പിച്ചത്. വടക്കൻ കേരളത്തിലെ സ്റ്റാർട്ടപ്പ്ഐടി ആവാസവ്യവസ്ഥയ്ക്ക് ശക്തമായ സഹകരണം നൽകണമെന്ന് റോഡ്ഷോ നിർദ്ദേശിച്ചു. ഹൈലൈറ്റ് ബിസിനസ് ഹബ് എക്സിക്യൂട്ടീവ് ഹെഡ് ഹനു ഷെൽക്ക്, കാഫിറ്റ് പ്രസിഡന്റ് റിഫാത്ത് റഹ്മാൻ, സൈബർപാർക്ക് എച്ച്ആർ & മാർക്കറ്റിങ് മാനേജർ അനുശ്രീ, ദുബായ് വേൾഡ് ട്രേഡ് സെന്റർ പാർട്ണർഷിപ്സ് സീനിയർ മാനേജർ അശിൻ രാജ്മോഹൻ തുടങ്ങിയവർ സംസാരിച്ചു. എക്സ്പാൻഡ് നോർത്ത് സ്റ്റാർ, ജൈടെക്സ് ഗ്ലോബൽ 2026 തുടങ്ങിയ ആഗോള വേദികൾ സംരംഭങ്ങളുടെ വളർച്ചയ്ക്ക് എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് സംരംഭകർ ചർച്ച ചെയ്തു. കേരളത്തിലെ സ്റ്റാർട്ടപ്പ് സമൂഹത്തിന് ആഗോള വിപണിയിലേക്കുള്ള മികച്ചൊരു ചവിട്ടുപടിയാണ് ഈ പദ്ധതിയെന്ന് സെൻട്രൽ ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ റഫീസ് റഹ്മത്തുള്ള വ്യക്തമാക്കി.

ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ നടക്കുന്ന റോഡ്ഷോകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 100 ഇന്ത്യൻ സ്റ്റാർട്ടപ്പ് സ്ഥാപകർക്ക് ദുബായിൽ നടക്കുന്ന എക്സ്പാൻഡ് നോർത്ത് സ്റ്റാർ, ഗിടെക്സ് ഗ്ലോബൽ മേളകളിൽ പങ്കെടുക്കാനും ആഗോള ബിസിനസ് അവസരങ്ങൾ പ്രയോജനപ്പെടുത്താനുമുള്ള അവസരം ലഭിക്കും. കേരള സർക്കാരിന്റെ കീഴിലുള്ള സൈബർപാർക്ക്, ഇൻഫോപാർക്ക്, ടെക്നോപാർക്ക് തുടങ്ങിയവയുടെ സഹകരണത്തോടെയാണ് റോഡ്ഷോ നടക്കുന്നത്. കോഴിക്കോടിന് പുറമെ തിരുവനന്തപുരം, കൊച്ചി, കന്യാകുമാരി, കോയമ്പത്തൂർ, ചെന്നൈ, ബെംഗളൂരു എന്നിവിടങ്ങളിലും റോഡ്ഷോകൾ നടക്കും.




# ചെന്നൈയിൽ രണ്ട് റീട്ടെയിൽ സ്റ്റോറുകൾ തുറന്ന് ലുലു ഗ്രൂപ്പ്

**ചെന്നൈ:** ലുലു ഗ്രൂപ്പ് ചെന്നൈയിൽ പ്രവർത്തനം ആരംഭിച്ചു. ഷെണോയ് നഗർ, ചെന്നൈ സെൻട്രൽ മെട്രോ സ്റ്റേഷനുകളിലായി ആരംഭിച്ച രണ്ട് റീട്ടെയിൽ ഔട്ട്ലെറ്റുകളുടെ ഉദ്ഘാടനം തിങ്കളാഴ്ച നിയമസഭാ സ്പീക്കർ ജെ. സി. ഡി. പ്രഭാകർ നിർവഹിച്ചു. ലുലു ഗ്രൂപ്പ് ചെയർമാൻ എം. എ. യൂസഫലി ചടങ്ങിൽ സന്നിഹിതനായിരുന്നു. മന്ത്രിമാരായ രാജ്മോഹൻ അറുമുഖം, പി വെങ്കട്ടരമണൻ, എംഎൽഎമാരായ കനിമൊഴി സന്തോഷ്, വി. കെ. രാംകുമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ചെന്നൈയിലേക്ക് ലുലു ഗ്രൂപ്പ് പ്രവർത്തനം വ്യാപിപ്പിക്കുന്നതിൽ സന്തോഷം പ്രകടിപ്പിച്ച എം. എ. യൂസഫലി, തമിഴ്നാട് സർക്കാരിന്റെ പിന്തുണയ്ക്കും സഹകരണത്തിനും നന്ദി അറിയിച്ചു. സംസ്ഥാനത്ത് കൂടുതൽ നിക്ഷേപങ്ങൾ നടത്തുന്നതിനുള്ള പ്രതിബദ്ധത അദ്ദേഹം ആവർത്തിച്ചു. തിരുപ്പൂരിൽ ഒരു മിനി മാൾ ആരംഭിക്കാനുള്ള പദ്ധതിയും തമിഴ്നാട്ടിൽ ഭക്ഷ്യസംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള താൽപര്യവും അദ്ദേഹം പ്രഖ്യാപിച്ചു. സംസ്ഥാനത്ത് കൂടുതൽ നിക്ഷേപസാധ്യതകൾ പരിശോധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ഉപഭോക്താക്കളുടെ ആവശ്യങ്ങൾ മനസ്സിലാക്കി ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ മിതമായ വിലയിൽ ലഭ്യമാക്കുന്നതിലുള്ള ലുലു ഗ്രൂപ്പിന്റെ പ്രതിബദ്ധതയെ സ്പീക്കർ ജെ. സി. ഡി. പ്രഭാകർ ഉദ്ഘാടന പ്രസംഗത്തിൽ അഭിനന്ദിച്ചു. ചെന്നൈയിലേക്കും തമിഴ്നാട്ടിലേക്കുമുള്ള ഗ്രൂപ്പിന്റെ കടന്നുവരവിനെ സ്വാഗതം ചെയ്ത അദ്ദേഹം, എം. എ. യൂസഫലിയെപ്പോലുള്ള പരിചയസമ്പന്നരായ സംരംഭകരുടെ നിക്ഷേപങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും വികസനത്തിനും വലിയ സംഭാവന നൽകുമെന്ന് പ്രത്യാശ പ്രകടിപ്പിച്ചു.

ചെന്നൈയിലെ മെട്രോ ശൃംഖലയിൽ വ്യത്യസ്തമായ രണ്ട് റീട്ടെയിൽ ഷോപ്പിങ് മാതൃകകളാണ് ലുലു അവതരിപ്പിക്കുന്നത്. ഷെണോയ് നഗർ മെട്രോ സ്റ്റേഷനിൽ ലുലു ഹൈപ്പർമാർക്കറ്റും ചെന്നൈ സെൻട്രൽ മെട്രോ സ്റ്റേഷനിൽ ലുലു ഡെയ്‌ലിയുമാണ് പ്രവർത്തനം ആരംഭിച്ചത്. ഇതിലൂടെ മെട്രോ യാത്രക്കാർക്കും സമീപ പ്രദേശങ്ങളിലെ താമസക്കാർക്കും വിപുലമായ ഷോപ്പിങ് സൗകര്യങ്ങൾ കൂടുതൽ എളുപ്പത്തിൽ ലഭ്യമാകും.

ഏകദേശം ഒരു ലക്ഷം ചതുരശ്ര അടി വിസ്തൃതിയിലാണ് ഷെണോയ് നഗറിലെ ഹൈപ്പർമാർക്കറ്റ് ഒരുക്കിയിരിക്കുന്നത്. മെട്രോ സ്റ്റേഷനുള്ളിൽ പ്രവർത്തിക്കുന്ന ഇന്ത്യയിലെ ആദ്യത്തെയും ഏറ്റവും വലുതുമായ ഹൈപ്പർമാർക്കറ്റാണിത്. 56,000 ചതുരശ്ര അടി വിസ്തൃതിയുള്ള സൂപ്പർമാർക്കറ്റും 50,000 ചതുരശ്ര അടി വിസ്തൃതിയുള്ള ഡിപ്പാർട്ട്മെന്റ് സ്റ്റോറും ഉൾപ്പെടുന്നതാണ് ഈ സമുച്ചയം. ലുലു ഫാഷൻ സ്റ്റോർ, ലുലു കണക്ട് എന്നിവയും ഇവിടെ പ്രവർത്തിക്കും. പലചരക്ക് സാധനങ്ങൾ, പഴംപച്ചക്കറികൾ, നിതേ്യാപയോഗ സാധനങ്ങൾ, വസ്ത്രങ്ങൾ, പാദരക്ഷകൾ, ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ എന്നിവ ഒരേ മേൽക്കൂരയ്ക്കു കീഴിൽ ലഭ്യമാകും. ആയിരത്തിലധികം വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യവും ഇവിടെയുണ്ട്.

ചെന്നൈ സെൻട്രൽ മെട്രോ സ്റ്റേഷനിൽ 35,000 ചതുരശ്ര അടി വിസ്തൃതിയിലാണ് ലുലു ഡെയ്‌ലി പ്രവർത്തിക്കുന്നത്. ഫ്രഷ് മാർക്കറ്റ് ഉൽപ്പന്നങ്ങൾ, പലചരക്ക് സാധനങ്ങൾ, നിതേ്യാപയോഗ ഉൽപ്പന്നങ്ങൾ എന്നിവ ഇവിടെ ലഭ്യമാണ്. മെട്രോ യാത്രക്കാർക്കും സമീപപ്രദേശങ്ങളിലെ താമസക്കാർക്കും ദൈനംദിന ഷോപ്പിങ് എളുപ്പമാക്കുകയാണ് ലക്ഷ്യം. രണ്ട് ഔട്ട്ലെറ്റുകളും രാവിലെ ഒമ്പത് മുതൽ രാത്രി 11 വരെ പൊതുജനങ്ങൾക്കായി തുറന്നു പ്രവർത്തിക്കും.

ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. എ. അഷ്റഫ് അലി, ലുലു ഇന്ത്യ സിഇഒ എം. എ. നിഷാദ്, ഡയറക്ടർമാരായ വി. നന്ദകുമാർ, ജോയ് ഷഡാനന്ദൻ, റീജിയണൽ ഡയറക്ടർ ഇ. വി. രാജേഷ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

# ജോയ്ആലുക്കാസിൽ ജോയ് വാലി ദീവാലി: പണിക്കൂലിയിൽ ഫ്ളാറ്റ് 50% കിഴിവ്

**കൊച്ചി:** ആഗോള ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസിൽ ജോയ് വാലി ദീവാലി ഫെസ്റ്റിവൽ ഓഫറുകൾക്ക് തുടക്കമായി. ദീപാവലി ഓഫറുകളുടെ ഭാഗമായി സ്വർണം, ഡയമണ്ട്, പ്ലാറ്റിനം, വെള്ളി ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ആഭരണങ്ങളുടെയും പണിക്കൂലിയിൽ ഫ്ളാറ്റ് 50% കിഴിവ് പ്രഖ്യാപിച്ചു. പണിക്കൂലിയിലെ ഇളവിനുപുറമെ, എക്സ്ചേഞ്ച് ഓഫറിലൂടെ പുതിയ ആഭരണങ്ങൾ വാങ്ങുമ്പോൾ പഴയ സ്വർണത്തിന്റെ തൂക്കത്തിലോ മൂല്യത്തിലോ യാതൊരു കുറവും വരുത്താതെ പൂർണ്ണ മൂല്യം ലഭിക്കും.

അടിയന്തര സാമ്പത്തിക ആവശ്യങ്ങൾക്കായി സ്വർണം പണയം വയ്ക്കുന്നതിനു പകരം, സ്വർണം എളുപ്പത്തിൽ പണമാക്കാനുള്ള സൗകര്യ




വും ജോയ്ആലുക്കാസ് ഒരുക്കിയിട്ടുണ്ട്. പഴയ സ്വർണത്തിന്റെ മൂല്യം കണക്കാക്കി, വെറും 15 മിനിറ്റിനുള്ളിൽ തുക ഉപഭോക്താവിനു കൈമാറുകയും ചെയ്യും. ദീപാവലി ഓഫറുകൾ നവംബർ 8 വരെ ഇന്ത്യയിലെ എല്ലാ ജോയ്ആലുക്കാസ് ഷോറൂമുകളിലും ലഭ്യമാകും.

ജോയ്ആലുക്കാസിൽ പരമ്പരാഗത ഇന്ത്യൻ ഡിസൈനുകൾ മുതൽ ഇറ്റാലിയൻ, ടർക്കിഷ് ഉൾപ്പെടെയുള്ള ആഗോള ട്രെൻഡി ഡിസൈനുകൾ വരെ ഉൾപ്പെടുന്ന പത്തു ലക്ഷത്തിലധികം വൈവിധ്യമാർന്ന ഡിസൈനുകളാണ് ഉപഭോക്താക്കൾക്കായി ഒരുക്കിയിട്ടുള്ളത്. ആകർഷകമായ ജോയ് വാലി ദീവാലി ഓഫറുകളിലൂടെ ഉപഭോക്താക്കളുടെ സന്തോഷം ഇരട്ടിയാക്കുകയാണ് ലക്ഷ്യമെന്ന് ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. ജോയ് ആലുക്കാസ് പറഞ്ഞു.

# വിവൃതി അസറ്റ് മാനേജ്മെന്റിന്റെ വിന്റേജ് ഫണ്ടുകൾക്ക് മികച്ച നേട്ടം; നിക്ഷേപകർക്ക് ലഭിച്ചത് 3,400 കോടി രൂപ

**കൊച്ചി:** രാജ്യത്തെ   പ്രൈവറ്റ് ക്രെഡിറ്റ് അസറ്റ് മാനേജർമാരായ വിവൃതി അസറ്റ് മാനേജ്മെന്റ് വിന്റേജ് II ഫണ്ടുകളിൽ നിന്നുള്ള വിജയകരമായ പിന്മാറ്റം പ്രഖ്യാപിച്ചു. മൂന്ന് പെർഫോമിംഗ് ക്രെഡിറ്റ് സ്കീമുകൾ ഉൾപ്പെടുന്ന ഈ ഫണ്ടുകൾ നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ അവയുടെ ലക്ഷ്യങ്ങൾ പൂർത്തീകരിച്ചുകൊണ്ടാണ് എക്സിറ്റ് പൂർത്തിയാക്കിയത്.

ഇതോടെ മൂലധനവും വരുമാനവുമായി 3,400 കോടിയിലധികം രൂപയാണ് രണ്ട് വിന്റേജ് ഫണ്ടുകളിലൂടെ വിവൃതി അസറ്റ് മാനേജ്മെന്റ് നിക്ഷേപകർക്ക് തിരികെ നൽകിയത്. വ്യത്യസ്തമായ വാണിജ്യ സാഹചര്യങ്ങൾ, പോളിസി നിരക്കുകൾ, പണലഭ്യത, ഭൗമരാഷ്ട്രീയ പശ്ചാത്തലം എന്നിവ ഉൾപ്പെടുന്ന കാലയളവിലൂടെയാണ് ഈ ഫണ്ടുകൾ കടന്നുപോയത്.

2022ന്റെ തുടക്കത്തിൽ അവതരിപ്പിച്ച വിന്റേജ് ഫണ്ടുകൾ മുഴുവൻ മൂലധനവും സമാഹരിച്ച ശേഷം 2023 സെപ്റ്റംബറിലാണ് ഫൈനൽ ക്ലോസ് പ്രഖ്യാപിച്ചത്. ഇൻഷുറൻസ് കമ്പനികൾ, എഐഎഫ്ഐകൾ തുടങ്ങിയ സ്ഥാപനങ്ങളും ഫാമിലി ഓഫീസുകൾ, എച്ച്എൻഐകൾ തുടങ്ങിയ സ്വകാര്യ നിക്ഷേപകരും ഇതിൽ ഉൾപ്പെടുന്നു. ഈ വിന്റേജുകളിലുടനീളം മിതമായതും യാഥാസ്ഥിതികവുമായ റിസ്ക് പ്രൊഫൈലുകളുള്ള സ്കീമുകളാണ് വിവൃതി വാഗ്ദാനം ചെയ്തത്.

വിന്റേജ് ഫണ്ടുകളിലൂടെ നിക്ഷേപകരിൽ നിന്ന് 1,700 കോടി രൂപ സമാഹരിച്ച കമ്പനി ഈ ഫണ്ടുകളുടെ കാലയളവിൽ 45ലധികം പോർട്ട്ഫോളിയോ കമ്പനികളിലായി 3,500 കോടിയിലധികം രൂപ നിക്ഷേപിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം, ഹരിതോർജ്ജം, ഉൽപ്പാദനം, സേവന മേഖലകൾ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന ബിസിനസുകളിലാണ് നിക്ഷേപം നടത്തിയത്.

വിന്റേജ് II ഫണ്ടുകൾ വഴി മൊത്തം 2,260 കോടിയിലധികം രൂപയാണ് മൂലധനമായും വരുമാനമായും നിക്ഷേപകർക്ക് തിരികെ നൽകിയത്. ഇതിലെ മിതമായ സ്കീമുകൾ ഏകദേശം 15 ശതമാനം ഗ്രോസ് ഐആർആർ നൽകിയപ്പോൾ, എ കാറ്റഗറിയിലുള്ള പോർട്ട്ഫോളിയോ കമ്പനികളിൽ മാത്രം നിക്ഷേപിക്കുന്ന കൺസർവേറ്റീവ് സ്കീമുകൾ ഏകദേശം 12 ശതമാനം ഗ്രോസ് ഐആർആർ ആണ് നൽകിയത്. ഫീസും മറ്റ് ചിലവുകളും കിഴിച്ചുള്ള മൊത്തം വരുമാനം മിതമായ സ്കീമുകൾക്ക് ഏകദേശം 13 ശതമാനവും കൺസർവേറ്റീവ് സ്കീമുകൾക്ക് ഏകദേശം 10.5 ശതമാനവുമാണ്.

പരമ്പരാഗത ബാങ്ക് വായ്പകൾക്കും ഇക്വിറ്റി മൂലധനത്തിനും ഇടയിലുള്ള സാമ്പത്തിക ആവശ്യങ്ങളാണ് പ്രൈവറ്റ് ക്രെഡിറ്റ് കൂടുതലായും നിറവേറ്റുന്നതെന്ന് വിവൃതി അസറ്റ് മാനേജ്മെന്റ് സ്ഥാപകനും എംഡിയുമായ വിനീത് സുകുമാർ പറഞ്ഞു. അടിസ്ഥാനപരമായി മികച്ചതും പണമൊഴുക്കുള്ളതുമായ പല ബിസിനസുകൾക്കും പരമ്പരാഗത വായ്പകളേക്കാൾ കൂടുതൽ വഴക്കമുള്ള മൂലധനം ആവശ്യമാണ്. ശക്തമായ പണമൊഴുക്കിലൂടെ മികച്ച വരുമാനം ഉറപ്പാക്കുന്നതിനൊപ്പം, കൃത്യമായ സുരക്ഷയും വിവിധ മേഖലകളിലെ നിക്ഷേപ വൈവിധ്യവൽക്കരണവും വഴി നഷ്ടസാധ്യത കുറയ്ക്കാനും സാധിച്ചുവെന്ന് അദ്ദേഹം വ്യക്തമാക്കി.

കഴിഞ്ഞ 7 വർഷത്തിനിടെ രണ്ട് വിന്റേജ് ഫണ്ടുകളിലായി 3,400 കോടി രൂപ നിക്ഷേപകർക്ക് തിരികെ നൽകിയതിലൂടെ സ്ഥിരമായ വരുമാനവും കുറഞ്ഞ ചാഞ്ചാട്ടവുമുള്ള സുരക്ഷിതത്വം നൽകാനായി എന്ന് ഈ ഫണ്ടുകൾ തെളിയിക്കുന്നുവെന്ന് വിവൃതി അസറ്റ് മാനേജ്മെന്റ് ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ സൗമേന്ദ്ര ഘോഷ് പറഞ്ഞു. അനുയോജ്യമായ മൂലധന പരിഹാരങ്ങളിലൂടെ നിക്ഷേപം സ്വീകരിച്ച കമ്പനികളുടെ ബിസിനസ്സ് പ്രശ്നങ്ങൾ പരിഹരിക്കാനും ഇതിലൂടെ കഴിഞ്ഞുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# ഫെസ്റ്റീവ് ട്രീറ്റ്സ് 2026 അവതരിപ്പിച്ച് എച്ച്ഡിഎഫ്സി ബാങ്ക്

**കൊച്ചി:** ഉത്സവകാല ഷോപ്പിങ് കൂടുതൽ ലാഭകരമാക്കുന്നതിനായി 10,000ത്തിലധികം ഓഫറുകളുമായി എച്ച്ഡിഎഫ്സി ബാങ്ക് ഫെസ്റ്റീവ് ട്രീറ്റ്സ് 2026 അവതരിപ്പിച്ചു. വായ്പകൾ, ക്രെഡിറ്റ് കാർഡുകൾ, സേവിങ്സ്, കറന്റ് അക്കൗണ്ടുകൾ, ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകളിലെ ഈസിഇഎംഐ എന്നിവയിൽ ആനുകൂല്യങ്ങൾ ലഭിക്കും. ബാങ്കിന്റെ ക്രെഡിറ്റ് കാർഡുകളും ഈസിഇഎംഐയും ഉപയോഗിച്ചുള്ള വാങ്ങലുകളിൽ 70,000 രൂപ വരെ ലാഭിക്കാം. ഇലക്ട്രോണിക്സ്, വസ്ത്രങ്ങൾ, യാത്ര, ആഭരണങ്ങൾ, ഗൃഹാലങ്കാരം തുടങ്ങിയ വിഭാഗങ്ങളിലാണ് ഓഫറുകൾ. എൽജി, സാംസങ്, വൺപ്ലസ്, മിന്ത്ര, മേക്ക്മൈട്രിപ്പ്, ക്രോമ, റിലയൻസ് ഡിജിറ്റൽ തുടങ്ങിയ പ്രമുഖ ബ്രാൻഡുകളുമായി സഹകരിച്ചാണ് ക്യാമ്പയിൻ. രാജ്യത്തുടനീളം വിവിധ ഘട്ടങ്ങളിലായി ദീപാവലി വരെ ഓഫറുകൾ ലഭ്യമാകും.




ടാറ്റ സ്റ്റീൽ കളേഴ്സ് മാർക്കറ്റിംഗ് ആൻഡ് സെയിൽസ് വിഭാഗം വൈസ് പ്രസിഡന്റ് പ്രഖർ അഗർവാൾ, ടാറ്റ സ്റ്റീൽ സിഇഒയും എംഡിയുമായ ടി വി നരേന്ദ്രൻ, ടാറ്റ സ്റ്റീൽ കളേഴ്സ് എംഡി പ്രവീൺ വി തമ്പി, ടാറ്റ സ്റ്റീൽ മാർക്കറ്റിംഗ് ആൻഡ് സെയിൽസ് വിഭാഗം വൈസ് പ്രസിഡന്റ് ആശിഷ് അനുപം എന്നിവർ കളർകോട്ട് പ്രീ പെയിന്റഡ് സ്റ്റീൽ അവതരിപ്പിക്കുന്ന ചടങ്ങിൽ.

# കളർകോട്ട് പ്രീ പെയിന്റഡ് സ്റ്റീൽ അവതരിപ്പിച്ച് ടാറ്റ സ്റ്റീൽ കളേഴ്സ്

**കൊച്ചി:** കെട്ടിടനിർമ്മാണരംഗത്ത് ആഗോളതലത്തിൽ ഏറെ അംഗീകാരം നേടിയ പ്രീ പെയിന്റഡ് സ്റ്റീൽ ഉൽപ്പന്നമായ 'കളർകോട്ട്' ഇന്ത്യയിൽ അവതരിപ്പിച്ച് ടാറ്റ സ്റ്റീൽ കളേഴ്സ്. കെട്ടിടങ്ങളുടെ പുറംചുമരുകൾക്കും മേൽക്കൂരകൾക്കും അധിക ഭംഗിയും ഉറപ്പും നൽകുന്ന സ്റ്റീൽ ഉൽപന്നങ്ങളുടെ ശ്രേണിയാണ് കളർകോട്ട്. ആധുനിക യൂറോപ്യൻ സാങ്കേതികവിദ്യയുടെ സഹായത്തോടെ നിർമിക്കുന്ന ഇത്തരം സ്റ്റീലുകൾ രാജ്യത്തെ മാറിവരുന്ന കാലാവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിലാണ് അവതരിപ്പിക്കുന്നത്. നിർമാണത്തിന് മുൻപ് പ്രത്യേക പെയിന്റും സംരക്ഷണപാളിയും നൽകിയ സ്റ്റീൽ ഷീറ്റുകളാണ് പ്രീപെയിന്റഡ് സ്റ്റീൽ. ഉയർന്ന നിലവാരമുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമായ ഇത്തരം സ്റ്റീലുകൾ തുരുമ്പിനെയും മറ്റു പോറലുകളെയും ഫലപ്രദമായി പ്രതിരോധിക്കും.

വൈവിധ്യമാർന്ന നിറങ്ങളിൽ വിപണിയിൽ ലഭ്യമായ കളർകോട്ട് പ്രീ പെയിന്റഡ് സ്റ്റീൽ ഉൽപ്പന്നങ്ങൾ, ടാറ്റ സ്റ്റീൽ കളേഴ്സിന്റെ ജംഷഡ്പൂരിലുള്ള അത്യാധുനിക ഫാക്ടറിയിലാണ് നിർമിക്കുന്നത്. ആഗോളതലത്തിൽ ശ്രദ്ധയാകർഷിച്ച ഉൽപന്നങ്ങൾ അവതരിപ്പിക്കുന്നതിലൂടെ രാജ്യത്തെ അടിസ്ഥാനസൗകര്യ മേഖലയ്ക്ക് ഉന്നത നിലവാരം ഉറപ്പാക്കുകയാണ് ലക്ഷ്യമിടുന്നതെന്ന് ടാറ്റ സ്റ്റീൽ കളേഴ്സ് എംഡി പ്രവീൺ വി തമ്പി പറഞ്ഞു. ഭാവിയിലേക്ക് അനുയോജ്യമായ കെട്ടിടങ്ങൾ നിർമിക്കുന്നതിന് ബിൽഡർമാർക്കും ആർക്കിടെക്റ്റുകൾക്കും ഏറെ സഹായകരമായ ശ്രേണിയാണ് കളർകോട്ട് പ്രീ പെയിന്റഡ് സ്റ്റീൽ ഉൽപന്നങ്ങളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മെട്രോ, ഗതാഗത പദ്ധതികൾ, തുറമുഖങ്ങൾ, സംഭരണശാലകൾ, വിതരണകേന്ദ്രങ്ങൾ, വാഹന നിർമാണ വ്യവസായശാലകൾ, വാണിജ്യകെട്ടിടങ്ങൾ, പ്രതിരോധമേഖലയിലെ നിർമാണങ്ങൾ, ആധുനിക കെട്ടിടങ്ങൾ തുടങ്ങി രാജ്യത്തെ അടിസ്ഥാനസൗകര്യ മേഖലയിൽ ലോകനിലവാരത്തിലുള്ള പരിഹാരം ലക്ഷ്യമിട്ടാണ് പുതിയ ഉൽപന്നം അവതരിപ്പിക്കുന്നതെന്ന് ടാറ്റ സ്റ്റീൽ കളേഴ്സ് അറിയിച്ചു.

# ആഗോള ശ്രദ്ധ നേടിയ വൈറ്റാലിറ്റി വെൽനസ് പ്രോഗ്രാമുമായി ടാറ്റ എഐഎ

**കൊച്ചി:** ദൈനംദിന ജീവിതത്തിലെ ചെറിയ ആരോഗ്യ ശീലങ്ങളിലൂടെ ആയുർദൈർഘ്യം അഞ്ച് വർഷം വരെ വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് തങ്ങളുടെ വെൽനസ് പ്രോഗ്രാമായ ടാറ്റ എഐഎ വൈറ്റാലിറ്റി പുതിയ രൂപത്തിൽ അവതരിപ്പിച്ചു. കൃത്യമായ വ്യായാമം, ആവശ്യത്തിന് ഉറക്കം, സമയബന്ധിതമായ ആരോഗ്യ പരിശോധനകൾ തുടങ്ങിയ ആരോഗ്യകരമായ ശീലങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം മികച്ച ലൈഫ് ഇൻഷുറൻസ് പരിരക്ഷയും ഈ പദ്ധതി ഉറപ്പു നൽകുന്നു.

ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിന്റെ അംഗീകാരത്തോടെ നാല് ലക്ഷത്തിലധികം വൈറ്റാലിറ്റി അംഗങ്ങളിൽ നടത്തിയ ഏഴ് വർഷം നീണ്ട ആഗോള പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. നിഷ്ക്രിയമായ ജീവിതശൈലിയിൽ നിന്ന് സജീവമായ ജീവിതത്തിലേക്ക് മാറുന്നതിലൂടെ മരണനിരക്ക് അമ്പത്തിയേഴ് ശതമാനം വരെ കുറയ്ക്കാനും ആയുസ് അഞ്ച് വർഷം വരെ വർദ്ധിപ്പിക്കാനും സാധിക്കുമെന്ന് ഈ പഠനം വ്യക്തമാക്കുന്നു. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, ലോകാരോഗ്യ സംഘടന എന്നിവയുമായി ചേർന്ന് ഇന്ത്യക്കാരിലും സമാനമായ പഠനം നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, അംഗങ്ങളെ ദിവസേന അയ്യായിരം ചുവടുകൾ നടക്കാൻ പ്രേരിപ്പിക്കുകയും ശാരീരികവും മാനസികവുമായ ആരോഗ്യ പരിശോധനകൾ ഉറപ്പാക്കുകയും ചെയ്യുന്നതിലൂടെ അവരുടെ യഥാർത്ഥ പ്രായവും ശരീരത്തിന്റെ പ്രായവും തമ്മിലുള്ള അന്തരം കുറയ്ക്കാൻ ഈ പദ്ധതി സഹായിക്കുന്നു.

ആരോഗ്യം മെച്ചപ്പെടുത്താനുള്ള പ്രചോദനം ആദ്യ ദിവസം മുതൽ തന്നെ അംഗങ്ങൾക്ക് ലഭിക്കുന്ന തരത്തിലാണ് ടാറ്റ എഐഎ വൈറ്റാലിറ്റി തയ്യാറാക്കിയിരിക്കുന്നത്. ഡിക്കാത്‌ലോൺ, പ്യൂമ, ഗൂഗിൾ, ഫിറ്റ്പാസ്, കൾട്ട് ഫിറ്റ് തുടങ്ങിയ പ്രമുഖ ബ്രാൻഡുകളിൽ നിന്നുള്ള ഫിറ്റ്നസ് ഉപകരണങ്ങൾക്കും ജിം അംഗത്വങ്ങൾക്കും തുടക്കം മുതൽ തന്നെ ഉപഭോക്താക്കൾക്ക് കിഴിവുകൾ ലഭിക്കും. ആരോഗ്യ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ ഹെൽത്ത് കണക്ട് സംവിധാനവും ഇതിലുണ്ട്. നടത്തം, വർക്കൗട്ടുകൾ, വാർഷിക ആരോഗ്യ പരിശോധനകൾ എന്നിവയിലൂടെ ഉപഭോക്താക്കൾക്ക് പോയിന്റുകൾ നേടാനും ബ്രോൺസ് മുതൽ പ്ലാറ്റിനം വരെയുള്ള ഉയർന്ന തലങ്ങളിലേക്ക് മാറാനും സാധിക്കും. ഇത്തരം ആരോഗ്യകരമായ ശീലങ്ങൾ നിലനിർത്തുന്നവർക്ക് പോളിസി പുതുക്കുന്ന സമയത്ത് പ്രീമിയം തുകയിൽ മികച്ച ഇളവുകൾ ലഭിക്കുമെന്നതും ഇതിൻറെ പ്രത്യേകതയാണ്.

ഓരോ വ്യക്തിയുടെയും പ്രായത്തിനും ജീവിത സാഹചര്യങ്ങൾക്കും അനുയോജ്യമായ രീതിയിലാണ് ഈ വെൽനസ് പ്രോഗ്രാം വികസിപ്പിച്ചിരിക്കുന്നത്. ഫിറ്റ്നസിന് പ്രാധാന്യം നൽകുന്ന യുവാക്കൾ, ഒരുമിച്ച് ആരോഗ്യ ശീലങ്ങൾ വളർത്തിയെടുക്കുന്ന ദമ്പതികൾ, മെച്ചപ്പെട്ട ജീവിതശൈലി ആഗ്രഹിക്കുന്ന കുടുംബങ്ങൾ, ആരോഗ്യകരമായ വിശ്രമജീവിതം ലക്ഷ്യമിടുന്ന മുതിർന്ന പൗരന്മാർ എന്നിവർക്കെല്ലാം ഈ പദ്ധതി ഒരുപോലെ പ്രയോജനകരമാണ്.

# ഫ്രാങ്ക്ളിൻ ഇന്ത്യ സ്മാൾ കാപ്പ് ഫണ്ട് 14,000 കോടി രൂപയുടെ എ.യു.എം നാഴികക്കല്ല് പിന്നിട്ടു

**മുംബൈ:** ഇന്ത്യൻ മ്യൂചൽ ഫണ്ട് വ്യവസായത്തിൽ 20 വർഷത്തെ പ്രവർത്തന പരിചയമുള്ള ചുരുക്കം ചില സ്മാൾകാപ്പ് സ്കീമുകളിൽ ഒന്നായ ഫ്രാങ്ക്ളിൻ ഇന്ത്യ സ്മാൾ കാപ്പ് ഫണ്ട്, കൈകാര്യം ചെയ്യുന്ന ആകെ ആസ്തിയിൽ (എ.യു.എം) 14,000 കോടി രൂപയെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. അതിന്റെ ദീർഘകാല നിക്ഷേപ തന്ത്രത്തിലും സമ്പത്ത് സൃഷ്ടിക്കാനുള്ള കഴിവിലുമുള്ള നിക്ഷേപകരുടെ വിശ്വാസത്തെയാണ് ഇത് എടുത്തുകാട്ടുന്നത്.

ശക്തമായ വളർച്ചാ സാധ്യതയും സ്കെയിൽ ചെയ്യാവുന്ന ബിസിനസ്സ് മാതൃകകളുമുള്ള ഉയർന്ന ഗുണനിലവാരമുള്ള സ്മാൾ കാപ്പ് കമ്പനികളെ കണ്ടെത്തുന്നതിലെ സ്ഥിരമായ ശ്രദ്ധയാണ് ഫണ്ടിന്റെ വളർച്ചയ്ക്ക് കരുത്ത് പകർന്നത്. വിവിധ മേഖലകളിൽ നിന്നുള്ള ശ്രദ്ധാപൂർവ്വം തിരഞ്ഞെടുത്ത വളർന്നുവരുന്ന ബിസിനസ്സുകളിലൂടെ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയുടെ ഭാഗമാകാൻ വർഷങ്ങളായി ഈ സ്കീം നിക്ഷേപകരെ സഹായിച്ചിട്ടുണ്ട്.

ഫ്രാങ്ക്ലിൻ ഇന്ത്യ സ്മാൾ കാപ്പ് ഫണ്ട് പോർട്ട്ഫോളിയോ മാനേജർ അഖിൽ കല്ലൂരി പറഞ്ഞു: നിക്ഷേപകരുടെ തുടർച്ചയായ വിശ്വാസം ഞങ്ങൾക്ക് വലിയൊരു ഊർജ്ജമാണ്. മുന്നോട്ട് നോക്കുമ്പോൾ, ഇന്ത്യയുടെ മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക രംഗം ഗുണനിലവാരമുള്ള സ്മാൾ കാപ്പ് കമ്പനികൾക്ക് ശക്തമായ അവസരങ്ങൾ നൽകുന്നുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. നിക്ഷേപകർക്ക് സുസ്ഥിരമായ മൂല്യം സൃഷ്ടിക്കുന്നതിനായി, ശക്തമായ അടിസ്ഥാനമുള്ളതും വളർച്ചാ സാധ്യതയുള്ളതുമായ ബിസിനസ്സുകളെ കണ്ടെത്തുന്നതിലും, ഗവേഷണാധിഷ്ഠിതമായ ഞങ്ങളുടെ ദീർഘകാല നിക്ഷേപ സമീപനത്തിൽ അടിയുറച്ചുനിൽക്കുന്നതിലുമാണ് ഞങ്ങളുടെ ശ്രദ്ധ.

ഫ്രാങ്ക്ലിൻ ഇന്ത്യ സ്മാൾ കാപ്പ് ഫണ്ട് മത്സരാധിഷ്ഠിതമായ ദീർഘകാല നേട്ടങ്ങൾ നൽകിയിട്ടുണ്ട്. കഴിഞ്ഞ 15 വർഷങ്ങളിലും തുടക്കം മുതലും ബെഞ്ച്മാർക്കായ നിഫ്റ്റി സ്മാൾക്യാപ്പ് 250 ഇൻഡക്സിനേക്കാൾ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ ഇതിന് കഴിഞ്ഞിട്ടുണ്ട്. ഇത് ഗവേഷണാധിഷ്ഠിത നിക്ഷേപ സമീപനത്തിന്റെ ഫലപ്രാപ്തിയെയാണ് പ്രതിഫലിപ്പിക്കുന്നത്.

വിപണിയിലെ കയറ്റിറക്കങ്ങളിൽ ക്ഷമയോടെ നിക്ഷേപം തുടരാൻ തയ്യാറുള്ള നിക്ഷേപകർക്ക് എക്കാലത്തും മികച്ച ആദായം നൽകിയിട്ടുള്ള സ്മാൾകാപ്പ് വിഭാഗത്തിൽ, അച്ചടക്കത്തോടെയുള്ള നിക്ഷേപത്തിന്റെ സാധ്യതകളാണ് ഈ സ്കീമിന്റെ ദീർഘകാല ട്രാക്ക് റെക്കോർഡ് എടുത്തുപറയുന്നത്.

കാലക്രമേണ നിക്ഷേപകർക്കായി ഫണ്ട് സൃഷ്ടിച്ച സമ്പത്തിൽ നിന്ന് ഇതിന്റെ പ്രകടനം വ്യക്തമാകും. ഫണ്ടിന്റെ തുടക്കത്തിൽ നടത്തിയ 10,000 രൂപയുടെ ഒറ്റത്തവണ നിക്ഷേപം 2026 ഓഗസ്റ്റ് അവസാനത്തോടെ ഏകദേശം 1.79 ലക്ഷം രൂപയായി വളരുമായിരുന്നു. അതായത് ഇതിന്റെ മൂല്യത്തിൽ പതിനേഴിരട്ടി വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്.

തുടർന്ന്, 2026 ഓഗസ്റ്റ് അവസാനം വരെയുള്ള കഴിഞ്ഞ 15 വർഷത്തേക്ക് മാസം തോറും 10,000 രൂപ വീതം സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ ആയി നിക്ഷേപിച്ചിരുന്നെങ്കിൽ അത് ഏകദേശം 81 ലക്ഷം രൂപയായി വളരുമായിരുന്നു. ഇത് കൃത്യതയോടെയുള്ള നിക്ഷേപത്തിന്റെ നേട്ടങ്ങളും ദീർഘകാല കോമ്പൗണ്ടിംഗിന്റെ ശക്തിയും വ്യക്തമാക്കുന്നു.

സ്കീമിന്റെ ലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്താൻ സഹായിക്കുന്ന ദീർഘകാല നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി, നിക്ഷേപ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ പിൻവലിക്കുന്ന യൂണിറ്റുകൾക്ക് 1% എക്സിറ്റ് ലോഡ് ബാധകമാണ്.

നിക്ഷേപകർക്ക് കുറഞ്ഞത് 5,000 രൂപയും തുടർന്ന് 1 രൂപയുടെ ഗുണിതങ്ങളായും പ്രാരംഭ നിക്ഷേപം ആരംഭിക്കാം. കുറഞ്ഞത് 1,000 രൂപയും തുടർന്ന് 1 രൂപയുടെ ഗുണിതങ്ങളായും അധിക നിക്ഷേപങ്ങൾ നടത്താം.

# ടിഎംഎ ഇസാഫ് ബാങ്ക് ക്വിസ് മത്സരം

**തൃശൂർ:** തൃശൂർ മാനേജ്മെൻറ് അസോസിയേഷനും ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കും ചേർന്നു സംഘടിപ്പിച്ച കിസാത്മബിസിനസ് ക്വിസ് മത്സരത്തിൽ കേരള യൂണിവേഴ്സിറ്റിയിലെ ഡി.എം. ആദിത്യൻ, എസ്.ജി. ശ്രീഹരി എന്നിവർ വിജയികളായി.

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ ഓസ്റ്റിൻ ലാസർ, ഡാനിയേൽ ജോസഫ് എന്നിവർ രണ്ടാം സ്ഥാനവും, എംഇഎസ് അസ്മാബി കോളജിലെ എം. ശ്രീഹരി, കെ. അനുജിത്ത് എന്നിവർ മൂന്നാം സ്ഥാനവും നേടി.

ഇസാഫ് ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ജോർജ് കെ. ജോൺ വിജയികൾക്കുള്ള കാഷ് അവാർഡും ഫലകവും കൈമാറി. ഒരു ലക്ഷം രൂപയുടെ സമ്മാനമാണ് വിജയികൾക്കു നൽകിയത്. ക്വിസ് മാസ്റ്റർ എ.ആർ. രഞ്ജിത്ത് നയിച്ച മത്സരത്തിൽ വിവിധ കോളജുകളിൽനിന്നു 125 ടീമുകൾ പങ്കെടുത്തു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com